
## ബൈബിൾ ഞായർ 2002
## ആഘോഷം സംബന്ധിച്ച് കെ. സി ബി. സി. ബൈബിൾ കമ്മീഷൻ ചെയർമാൻ പുറപ്പെടുവിക്കുന്ന സർക്കുലർ



കർത്താവായ യേശുവിൽ സ്നേഹമുള്ളവരെ,

വർഷങ്ങളായി നാം ആചരിച്ചുവരുന്ന ബൈബിൾ ഞായർ ഈ വർഷം മെയ്മാസം 12–ാം തിയതി ആഘോഷിക്കുകയാണ്. അതിന് ഒരുക്കമായി മെയ് 6 മുതൽ 11 വരെ ബൈബിൾ വാരമായി നാം ആചരിക്കുന്നു. ബൈബിൾ ഞായറിന്റേയും ബൈബിൾ വാരാചരണത്തിന്റേയും മുഖ്യവിഷയമായി സ്വീകരിച്ചിരിക്കുന്നത് "ബൈബിളിലൂടെ ക്രിസ്തുവിലേക്ക്" എന്നതാണ്. പാപാന്ധകാരത്താൽ നിറഞ്ഞ മനുഷ്യവർഗ്ഗത്തെ സുവിശേഷദീപ്തിയാൽ പ്രകാശിതമാക്കുവാൻ വന്ന വചനമായ ക്രിസ്തുവിനെക്കുറിച്ച് ഒരു വിചിന്തനം നടത്തുന്നത് ബൈബിൾ ഞായർ ആഘോഷിക്കുവാൻ ഒരുങ്ങുന്ന ഈ അവസരത്തിൽ ഉചിതമായിരിക്കുമല്ലോ. വി. ഗ്രന്ഥങ്ങളിലൂടെ തെളിഞ്ഞുവരുന്ന ക്രിസ്തുവിനെ അറിയുകയും ക്രിസ്ത്വാനുഭവത്തിൽ വളരുകയും ചെയ്യേണ്ടതിനെക്കുറിച്ചാണ് നാം ചിന്തിക്കുക.

ഇസ്രായേൽ ജനതയുടെ ആഴമേറിയ ദൈവാനുഭവവും വിശ്വാസവുമാണ് പഴയ നിയമ ഗ്രന്ഥങ്ങൾക്ക് രൂപം നൽകിയതെങ്കിൽ ആദിമ ക്രൈസ്തവസഭയാണ് പുതിയ നിയമത്തിന്റെ ഉറവിടം. ഏതൊക്കെ പുസ്തകങ്ങളാണ് ദൈവനിവേശിതവും കാനോനികവുമെന്ന് സഭയാണ് പറഞ്ഞുതന്നിട്ടുള്ളത്. അതുകൊണ്ട് ബൈബിൾ സഭയുടെ പുസ്തകമാണ്. സഭയ്ക്കുമുമ്പേയല്ല, സഭയിലാണ് ബൈബിളുണ്ടായത്. ജീവിത പ്രശ്നങ്ങളെ അഭിമുഖീകരിക്കുമ്പോൾ വി. ഗ്രന്ഥത്തിലേക്കും സഭയുടെ ഔദ്യോഗികപ്രബോധനങ്ങളിലേക്കും നമ്മൾ തിരിയണം.

ക്രിസ്തുവിലൂടെ രക്ഷയെന്നത് വി. ഗ്രന്ഥത്തിലെ കാതലായ പ്രമേയമാണല്ലോ. ആ ക്രിസ്തുവിനെ അറിയുന്നതിനുള്ള ഒരു മാർഗ്ഗമാണ് വി. ഗ്രന്ഥപഠനം. വചനവായനയിലൂടെയും ധ്യാനത്തിലൂടെയും ക്രിസ്തുവിലേക്ക് നടന്നടുക്കണം. യോഹന്നാൻ സുവിശേഷകൻ എഴുതുന്നു "ആദിയിൽ വചനമുണ്ടായിരുന്നു. വചനം ദൈവത്തോടുകൂടെയായിരുന്നു. വചനം ദൈവമായിരുന്നു." ഇസ്രായേൽ ജനത നൂറ്റാണ്ടുകളോളം കാത്തിരുന്ന മിശിഹാ മനുഷ്യരൂപം പ്രാപിച്ച് ഭൂമിയിൽ ജാതനായി. കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും അവൻ എമ്മാനുവേൽ എന്ന് വിളിയ്ക്കപ്പെടും എന്ന ഏശയ്യാ പ്രവാചകന്റെ പ്രവചനം ക്രിസ്തുവിലാണ് പൂർത്തിയാക്കപ്പെട്ടത്. ദൈവത്തോടു സമാനതയുണ്ടായിട്ടും ഒന്നുമില്ലാത്തവനെപ്പോലെ ദരിദ്രരിൽ ദരിദ്രനായി മണ്ണിലവതരിച്ച ക്രിസ്തു തന്റെ ജീവിതത്തിലൂടെ സ്നേഹത്തിന്റേയും ത്യാഗത്തിന്റേയും പങ്കുവയ്ക്കലിന്റേയും യഥാർത്ഥ മാതൃക കാണിച്ചുതന്നു. "ദൈവരാജ്യം സമീപിച്ചിരിക്കുന്നു. നിങ്ങൾ പശ്ചാത്തപിച്ച് മാനസാന്തരപ്പെടുവിൻ എന്നു പറഞ്ഞുകൊണ്ട് സുവിശേഷ പ്രഘോഷണം തുടങ്ങിയ യേശു വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും തന്റെ ദൗത്യം തുടർന്നു. അപ്പവും വീഞ്ഞും സ്വന്തം ശരീരരക്തങ്ങളായി നൽകിക്കൊണ്ട്

ആത്മദാനത്തിന്റേയും പങ്കുവയ്ക്കലിന്റേയും വലിയ സന്ദേശം നമുക്കു നൽകി. പിതാവായ ദൈവം ലോകത്തിനു നൽകിയ സ്നേഹദാനം സ്നേഹിതർക്കുവേണ്ടി ജീവനർപ്പിച്ച് യേശു ക്രിസ്തു പൂർത്തിയാക്കി. ക്രിസ്തുവിന്റെ പീഡാസഹനവും കുരിശുമരണവും ഉയിർപ്പും രക്ഷാകരചരിത്രത്തിലെ വിവിധ നിർണ്ണായക നിമിഷങ്ങളാണ്. നന്മമാത്രം ചെയ്ത് ചുറ്റിസഞ്ചരിച്ച യേശു ദൈവത്തിന് നമ്മോടുള്ള സ്നേഹം അനുഭവിച്ചറിയാൻ നമ്മെ പ്രാപ്തരാക്കുകയും ദൈവികജീവനിൽ നമ്മെ പങ്കുകാരാക്കുകയും ചെയ്തു. ദൈവത്തിന്റെ ഈ മഹോന്നത ദാനത്തെ ജനമദ്ധ്യത്തിൽ പ്രഘോഷിക്കുന്നതിൽ ക്രിസ്ത്യാനികൾ ഒരിക്കലും വീഴ്ചവരുത്താൻ പാടില്ലാത്തതാണ്.

വി. ജറോമിന്റെ വാക്കുകളിൽ വി. ഗ്രന്ഥങ്ങളെക്കുറിച്ചുള്ള അജ്ഞത ക്രിസ്തുവിനെക്കുറിച്ചുള്ള അജ്ഞതതന്നെ. സഭ ക്രിസ്തുവിന്റെ നാമത്തിൽ നമ്മെ പഠിപ്പിക്കുമ്പോൾ ബൈബിളിലെ സത്യങ്ങളാണ് നമ്മെ പഠിപ്പിക്കുന്നത്. ക്രൈസ്തവമാർഗ്ഗത്തിലൂടെ നമ്മെ നയിക്കുന്നതിന് ഒരു അമ്മയെപ്പോലെ സഭയെപ്പോഴും നമ്മോടുകൂടെയുണ്ട്. വിശ്വാസകാര്യങ്ങളിൽ ആഴമുളള പ്രബോധനം ലഭിക്കാത്ത ഒരു കത്തോലിക്കനും ഉത്തമമായ ക്രൈസ്തവജീവിതം നയിക്കുക സാദ്ധ്യമല്ല. വി. ഗ്രന്ഥജ്ഞാനത്തിൽ നിന്നുത്ഭവിക്കുന്ന, ക്രിസ്തീയതയുടെ പൂർണ്ണതയിലടങ്ങിയിരിക്കുന്ന ഘടകങ്ങളെക്കുറിച്ചുള്ള അറിവും ഒരു ക്രിസ്ത്യാനിക്ക് ആവശ്യമാണ്. ദിവ്യബലി, കൂദാശകൾ, കൂദാശാനുകരണങ്ങൾ, യാമ പ്രാർത്ഥനകൾ, പരിശുദ്ധകന്യകാമറിയത്തോടും വിശുദ്ധരോടുമുള്ള വണക്കം, ക്രിസ്തുവിന്റെ തുടർച്ചയായ സഭയിലുള്ള കൂട്ടായ്മ, മനുഷ്യജീവിതത്തിന്റെ പരിശുദ്ധിയെ പരിപോഷിപ്പിക്കുന്ന സാമൂഹ്യമാനങ്ങൾ തുടങ്ങിയ ഘടകങ്ങളെക്കുറിച്ചുള്ള അറിവ് വി. ഗ്രന്ഥജ്ഞാനത്തോടൊപ്പം ഒരു ക്രിസ്ത്യാനിക്കുണ്ടാവണം. അപ്പോഴാണ് ക്രിസ്തുവിനെക്കുറുച്ചും ക്രിസ്തുവിന്റെ പ്രബോധനങ്ങളെക്കുറിച്ചുള്ള അറിവ് അതിന്റെ പൂർണ്ണതയിലെത്തുന്നത്. വചനം വായിക്കുവാനും പഠിക്കുവാനും തദനുസാരം ജീവിതം നയിക്കുവാനും സഭ തന്റെ തനയരെ ശക്തമായി പ്രോത്സാഹിപ്പിക്കുന്നു. ഇടവകയുടേയും കുടുംബത്തിന്റേയും വ്യക്തികളുടേയും ഹൃദയകേന്ദ്രങ്ങളിൽ ദൈവവചനത്തെ പ്രതിഷ്ഠിക്കുന്നതിന് വി. ഗ്രന്ഥത്തെ സംബന്ധിച്ച് അജപാലനപരമായ ഒരു കാഴ്ചപ്പാട് നമുക്കുണ്ടാവണം. ആഴ്ചകളിലോ, മാസംതോറുമോ, വാർഷികമായോ ബൈബിൾ പഠിക്കുന്നതിന് ബൈബിൾ സ്റ്റഡിഫോറങ്ങൾക്ക് എല്ലാ ഇടവകകളിലും രൂപം കൊടുക്കുന്നത് അജപാലനപരമായ ക്രിയാത്മകത്വമാണ്. വചനജ്ഞാനത്തിലും വചനാനുഭവത്തിലും മുന്നേറുവാനും വചനാധിഷ്ഠിതമായ ജീവിതം കരുപ്പിടിപ്പിക്കാനും ഇത് നമ്മെ വളരെയേറെ സഹായിക്കും. ഇടവകകളിൽ അർപ്പിക്കപ്പെടുന്ന ദിവ്യബലിയിൽ വി. ഗ്രന്ഥം ആദരിക്കപ്പെടുകയും പ്രഘോഷിക്കപ്പെടുകയും ചെയ്യുന്ന സമയം വിശ്വാസത്തിന്റെ സജീവമായ ആഘോഷസമയമാണല്ലോ. പഴയനിയമത്തിൽ നിന്നും പുതിയനിയമത്തിൽ നിന്നും അതിന്റെ സമഗ്രതയിൽ തയ്യാറാക്കിയ ദിവ്യബലിമദ്ധ്യേയുള്ള വി. ഗ്രന്ഥവായനാ സംവിധാനം ബൈബിളിലെ അക്ഷയഖനികൾ നമുക്കായി തുറന്നു തരുന്നു. അതുവഴി തിരുവചനത്തിന്റെ മധുരിമ നമുക്ക് അനുഭവവേദ്യമാകുകയും ചെയ്യുന്നു.

ബൈബിൾ ഞായറും അതിനോടനുബന്ധിച്ചുള്ള ബൈബിൾ വാരാചരണവും ആഘോഷിക്കുന്ന ഈ അവസരത്തിൽ വി. ഗ്രന്ഥം അവതരിപ്പിക്കുന്നതിലൂടെ യേശു



വിനെ അറിയുവാനും ക്രിസ്ത്വനുഭവത്തിൽ വളരുവാനും നമുക്ക് സാധിക്കണം. ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് ചൈതന്യം സ്വീകരിച്ച് ജാതി വർഗ്ഗവൈരാഗ്യമില്ലാതെ സഹോദരഭാവേന എല്ലാ മനുഷ്യരേയും ദൈവമക്കളെന്ന നിലയിൽ സ്നേഹിക്കാൻ സാധിക്കണം. വർഗ്ഗീയത, ഭീകരത, അഴിമതി തുടങ്ങിയ പൈശാചിക ശക്തികളുടെ ആധുനിക തന്ത്രങ്ങൾക്കടിമപ്പെടാതെ ക്രൈസ്തവ സ്നേഹത്തിന്റെ ഉദാത്തമായ, പിതൃസഹജമായ മനോഭാവം ഉൾക്കൊള്ളണം. ഇതിൽ നമ്മെ സഹായിക്കത്തക്കവിധത്തിലാണ് ഈ വർഷത്തെ ബൈബിൾ വാരാചരണത്തോടനുബന്ധിച്ചുള്ള വായനകളും വിചിന്തനങ്ങളും പ്രാർത്ഥനകളും ക്രമീകരിച്ചിരിക്കുന്നത്. പതിവുപോലെ ബൈബിൾ വാരത്തിൽ പള്ളികളിൽ ഉപയോഗിക്കേണ്ട വായനകളും പ്രാർത്ഥനകളും അടങ്ങിയ ലഘുലേഖ ഉപയോഗത്തിനായി തയ്യാറാക്കിയിട്ടുണ്ട്. എല്ലാ ദിവസവും ബലിയർപ്പണത്തിന്റെ അവസാനം അവ വിശ്വാസികളോടൊത്ത് ഉപയോഗിച്ച് വചനം പഠിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. വചനത്തോട് ആഭിമുഖ്യം ജനിപ്പിക്കുവാൻ സഹായകമാകുന്ന ബൈബിൾ സെമിനാർ, ബൈബിൾ ക്വിസ്, ബൈബിൾ റാലി, ബൈബിൾ പ്രതിഷ്ഠ തുടങ്ങിയവ സംഘടിപ്പിക്കുന്നത് ഉപകാരപ്രദമായിരിക്കും.

ക്രിസ്ത്വനുഭവത്തിലേക്ക് നമ്മെ ക്ഷണിക്കുന്ന ബൈബിളിനോടു താത്പര്യമുണർത്തുന്നതിനു സഹായകമായ വിവിധ കർമ്മപദ്ധതികൾ കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ പാലാരിവട്ടത്തുള്ള പി.ഒ.സി. യിൽ ഈ വർഷവും നടത്തുന്നുണ്ട്. വൈദികർക്കും, സന്യസ്തർക്കും, അല്മായർക്കും വേണ്ടിയുള്ള ബൈബിൾ കോഴ്സുകൾ, ബൈബിൾ കറസ്പോണ്ടൻസ് കോഴ്സുകൾ, ബൈബിൾ കലോത്സവം, കലാസാഹിത്യരചനാ മത്സരങ്ങൾ, ലോഗോസ് ക്വിസ് 2002, ബൈബിൾ സ്കോളേഴ്സ് സ്റ്റഡിഫോറം, എല്ലാ രൂപതകളുടേയും ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർമാരുടെ സമ്മേളനങ്ങൾ, കേരള കാത്തലിക്ക് ബൈബിൾ സൊസൈറ്റിയോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവ ഇവയിൽ ചിലതാണ്.

ബൈബിൾ വായനയ്ക്കും പഠനത്തിനും പ്രോത്സാഹനമായി കേരളത്തിലെ എല്ലാ രൂപതകളേയും ഉൾപ്പെടുത്തിക്കൊണ്ട് കേരള കാത്തലിക്ക് ബൈബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കഴിഞ്ഞവർഷം നടത്തിയ ലോഗോസ് ക്വിസിന് ഒരുലക്ഷത്തി എൺപത്തയ്യായിരത്തോളം പേർ ആയിരത്തി എഴുന്നൂറ് കേന്ദ്രങ്ങളിലായി പങ്കെടുക്കുകയുണ്ടായി. മത്സരത്തിൽ ചേർന്ന് വി. ഗ്രന്ഥം പഠിക്കുന്നതിന് നിങ്ങൾ കാണിച്ച ആവേശപൂർവ്വകമായ ആഭിമുഖ്യത്തിന് സർവ്വശക്തനായ ദൈവത്തിന്റെ ധാരാളമായ അനുഗ്രഹങ്ങൾ പ്രതിഫലമായി ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഈ വർഷം ലോഗോസ് ക്വിസ് – 2002 ന്റെ പഠനത്തിനായി നിശ്ചയിച്ചിരിക്കുന്നത് വി. ലൂക്കായെഴുതിയ സുവിശേഷവും വി. പത്രോസ് എഴുതിയ ഒന്നും രണ്ടും ലേഖനങ്ങളും ആണ്.

അഖില കേരള തലത്തിൽ സഭയുടെ കൂട്ടായ്മയും ഐക്യവും പ്രകടമാക്കുന്ന ഈ പഠന പദ്ധതിയിൽ ചേരുവാനും കൂടുതൽ അറിവുനേടുവാനും എല്ലാ സഭാ വിശ്വാസികളേയും സ്നേഹപൂർവ്വം ഉദ്ബോധിപ്പിക്കുന്നു. ഈ ബൈബിൾ ക്വിസ് മത്സര

ത്തിൽ കൂടുതൽ പേരെ പങ്കെടുപ്പിക്കുന്നതിന് ഇടവക വികാരിമാരും, ബഹു. സിസ്റ്റേഴ്സും മതാദ്ധ്യാപകരും, വിവിധ സംഘടനാ ഭാരവാഹികളും ആത്മാർത്ഥമായി ഉത്സാഹിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

അതുപോലെ ബൈബിൾ പ്രഘോഷണരംഗത്ത് കേരള ക്രൈസ്തവർക്ക് കൂട്ടായി പ്രവർത്തിക്കാനുള്ള ഒരു വേദിയാണ് കേരള കാത്തലിക്ക് ബൈബിൾ സൊസൈറ്റി. സൊസൈറ്റിയിൽ അംഗങ്ങളായി ചേരുന്നവർക്ക് സൗജന്യ നിരക്കിൽ ബൈബിളും ബൈബിൾ സംബന്ധമായ പുസ്തകങ്ങളും വിതരണം ചെയ്യുന്നു. ലോഗോസ് ക്വിസ്, അനുദിന ബൈബിൾ വായന കലണ്ടർ തുടങ്ങിയ പല പദ്ധതികളും സൊസൈറ്റിക്ക് നടപ്പിലാക്കാൻ കഴിയുന്നത് എല്ലാവരുടേയയും സഹകരണം ഉള്ളതുകൊണ്ടാണ്. ബൈബിൾ സൗജന്യമായി ലഭിക്കാൻ ആഗ്രഹിക്കുന്നവരുടെ എണ്ണം വളരെയാണ്. സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ സജീവമാക്കാൻ ഉദാരമതികളായ സഭാമക്കളിൽ നിന്നും സംഭാവനകൾ പ്രതീക്ഷിക്കുന്നു. നിങ്ങളുടെ സംഭാവനകളും ദശാംശവും ബൈബിൾ പ്രവർത്തനങ്ങക്കായി പാലാരിവട്ടത്തുള്ള പി.ഒ.സി. അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന കേരള കാത്തലിക്ക് ബൈബിൾ സൊസൈറ്റിയുടെ പേരിൽ അയയ്ക്കണമെന്ന് താത്പര്യപ്പെടുന്നു. അംഗത്വത്തിലൂടെയും പ്രാർത്ഥനയിലൂടെയും സൊസൈറ്റിയുടെ പ്രവർത്തനങ്ങളെ ബലപ്പെടുത്തുവാൻ കൂടുതൽ വ്യക്തികളും സ്ഥാപനങ്ങളും പള്ളികളും കടന്നുവരണം.

ഓരോരൂപതയിലേയും ബൈബിൾ അപ്പോല്തലേറ്റ് ഡയറക്ടർമാർ വഴിയോ പി.ഒ.സി. യിലെ ബൈബിൾ കമ്മീഷൻ സെക്രട്ടറി വഴിയോ എല്ലാ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഫലമെടുക്കണമെന്ന് താത്പര്യപ്പെടുന്നു. ബൈബിൾ പ്രേഷിത പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്ന കെ.സി.ബി. സി. ബൈബിൾ കമ്മീഷൻ എല്ലാവരുടേയും പ്രാർത്ഥനയും സാമ്പത്തിക സഹായവും ഈ അവസരത്തിൽ പ്രതീക്ഷിക്കട്ടെ. ബൈബിൾ ഞായറാഴ്ച ഓരോ ഇടവകയിലും നടത്തുന്ന പിരിവ് കെ.സി.ബി.സി. ബൈബിൾ കമ്മീഷനുവേണ്ടി രൂപതാ കേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വി. ഗ്രന്ഥ വായനയിലൂടെയും പഠനത്തിലൂടെയും ക്രിസ്ത്വാനുഭവത്തിലേക്ക് കടന്നുവരാനും ക്രിസ്തുവിന്റെ മാതൃകയുൾക്കൊണ്ട് സ്നേഹദാനത്തിന്റേയും പങ്കുവയ്ക്കലിന്റേയും അരൂപിയാൽ നിറയാനും ഈ വർഷത്തെ ബൈബിൾ വാരാഘോഷവും ബൈബിൾ ഞായറും സഹായകമാകട്ടെയെന്ന് ആശംസിക്കുന്നു. എല്ലാവർക്കും വചനമായ യേശുവിന്റെ സമാധാനം ആശംസിച്ചുകൊണ്ടും അനുഗ്രഹങ്ങൾ പ്രാർത്ഥിച്ചുകൊണ്ടും.

**ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ**

കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ചെയർമാൻ.



# 11–ാം വാർഷിക റിപ്പോർട്ട്

## 2002 ജൂൺ 22 ശനിയാഴ്ച

### ആമുഖം

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ ഈ വർഷത്തെ വാർഷിക പൊതുയോഗം പല പ്രത്യേകതകളാലും സവിശേഷതയാർന്നതാണ്. ബൈബിൾ സൊസൈറ്റി സ്ഥാപിതമായിട്ട് 10 വർഷം പൂർത്തിയായിക്കഴിഞ്ഞു. 11–ാം മത് വാർഷികമാണിത്. നാളിതുവരെ സൊസൈറ്റിയുടെ ചെയർമാനായിരുന്ന ബിഷപ്മാർ ജോർജ്ജ് പുന്നക്കോട്ടിൽ പിതാവിന്റെ മെത്രാഭിഷേക രജതജൂബിലി ഈയവസരത്തിൽ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നാം കൊണ്ടാടുന്നു. സഭാമേലദ്ധ്യക്ഷന്മാരുടെ മഹനീയ സാന്നിദ്ധ്യത്താൽ ഈ വർഷത്തെ സമ്മേളനം അനുഗ്രഹീതമാണ്. ഈ അനുമോദന വാർഷിക പൊതുയോഗം ഉദ്ഘാടനം ചെയ്യുന്ന സീറോ മലബാർ മേജർ ആർച്ച് ബിഷപ്പും കെ.സി.ബി.സി. പ്രസിഡന്റുമായ അത്യുന്നത കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ പിതാവിന്റെ മഹനീയ സാന്നിദ്ധ്യത്താൽ ഈ സമ്മേളനം ധന്യമാണ്. കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ വൈസ് ചെയർമാൻ റൈറ്റ് റവ. ഡോ. വർഗ്ഗീസ് ചക്കാലക്കൽ പിതാവാണ് ഈ സമ്മേളനത്തിന്റെ അദ്ധ്യക്ഷപദം അലങ്കരിക്കുന്നത്. ഇവിടെ സന്നിഹിതരായ അഭിവന്ദ്യ പിതാക്കന്മാരുടെയും മറ്റു വിശിഷ്ട് വ്യക്തികളുടെയും മഹനീയ സദസ്സിന്റെയും അനുവാദത്തോടെ ഈ വാർഷിക റിപ്പോർട്ട് വായിക്കട്ടെ.

കേരള ക്രൈസ്തവർക്ക് വചനത്തിന്റെ ശുശ്രൂഷകരായി കൂട്ടായ്മയിലും സ്നേഹത്തിലും ഒന്നിച്ച് പ്രവർത്തിക്കുന്നതിന് ഒരു വേദിയുണ്ടാവണമെന്ന തീവ്രമായ ആഗ്രഹമാണ് 1990 – ൽ കെ.സി.ബി.സി. യുടെ നേതൃത്വത്തിൽ കേരള കാത്തലിക് ബൈബിൾ സൊസൈറ്റി സ്ഥാപിക്കുന്നതിന് വഴി തെളിച്ചത്. ബൈബിൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുക, ക്രിസ്തു കേന്ദ്രീകൃതമായ ഒരു ജീവിതത്തിനു ബൈബിൾ അധിഷ്ഠിതമായ മാർഗ്ഗദർശനം നൽകുക, കേരളക്കരയിൽ നവമായൊരു ബൈബിൾ സംസ്കാരം രൂപപ്പെടുത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി ബൈബിൾ സംബന്ധമായ ഗ്രന്ഥങ്ങളും ലഘുലേഖകളും വിതരണം ചെയ്യുക, കത്തോലിക്കാസഭയുടെ പ്രബോധനമനുസരിച്ച് ബൈബിൾ പ്രേഷിതദൗത്യം നിർവ്വഹിക്കുക തുടങ്ങിയവ സൊസൈറ്റിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങളാണ്. കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിലും ശ്രദ്ധയിലും സൊസൈറ്റിയുടെ വിവിധ പ്രവർത്തനങ്ങൾ മുന്നേറുന്നു. സൊസൈറ്റിയുടെ ലക്ഷ്യങ്ങൾ അംഗീകരിച്ചുകൊണ്ട് അംഗത്വത്തിനായി അപേക്ഷിക്കുന്ന വ്യക്തികൾക്കും സംഘടനകൾക്കും സ്ഥാപനങ്ങൾക്കും സൊസൈറ്റി എക്സിക്യൂട്ടീവ് കമ്മറ്റിയുടെ തീരുമാനമനുസരിച്ച് വിവിധ രീതികളിൽ അംഗത്വം ലഭിക്കുന്നു. ഇപ്രകാരം അംഗങ്ങളാകുന്നവർക്കും വിവിധ തരത്തിലുള്ള ആനുകൂല്യ

ങ്ങളും സൊസൈറ്റി നൽകുന്നുണ്ട്. സഭയാകുന്ന ദൈവജനത്തെ വചനത്തിന്റെ നീരുറവയിലേക്ക് കൈപിടിച്ചു നടത്തുവാനായി സ്ഥാപിതമായ കേരള കാത്തലിക് ബൈബിൾ സൊസൈറ്റി ഇതിനകം 10 വർഷങ്ങളുടെ പ്രവർത്തനങ്ങൾ പിന്നിട്ടു കഴിഞ്ഞു. ഇനിയും വളരെ ദൂരം മുന്നേറേണ്ടിയിരിക്കുന്നു. രൂപതാമേലദ്ധ്യക്ഷന്മാരുടെയും രൂപതാ ബൈബിൾ അപ്പസ്തോലേറ്റ് ഡയറക്ടർമാരുടെയും സഹകരണത്തോടെ ബൈബിളും ബൈബിൾ സന്ദേശവും പ്രചരിപ്പിക്കുന്നതിനുള്ള കർമ്മപദ്ധതികൾ സൊസൈറ്റി ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. സൊസൈറ്റിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങളെ ദൈവതൃക്കരങ്ങളിൽ സമർപ്പിച്ചുകൊണ്ട് കൂട്ടായ പ്രവർത്തനത്തിലൂടെയും പ്രാർത്ഥനയിലൂടെയും തീഷ്ണതയോടെ മുന്നേറാം. സൊസൈറ്റിയുടെ ഈ പതിനൊന്നാം വാർഷിക റിപ്പോർട്ടിൽ 2001 ഏപ്രിൽ 1 മുതൽ 2002 മാർച്ച് 31 വരെയുള്ള കാലഘട്ടത്തിലെ പ്രധാന പ്രവർത്തനങ്ങൾ താഴെ വിവരിക്കട്ടെ.

## യോഗങ്ങൾ

**I** കേരള കാത്തലിക് ബൈബിൾ സൊസൈറ്റി എക്സിക്യൂട്ടിവിന്റേയും മാനേജിംഗ് കൗൺസിലിന്റേയും യോഗം 2001 ജൂലൈ 14-ാം തീയതി ശനിയാഴ്ച രാവിലെ 10.30 ന് പി.ഒ.സിയിൽ വച്ച് നടന്നു. ബൈബിൾ സൊസൈറ്റി ചെയർമാൻ അഭിവന്ദ്യ മാർ ജോർജ്ജ് പുന്നക്കോട്ടിൽ അദ്ധ്യക്ഷത വഹിച്ചു. 18 പേർ പങ്കെടുത്ത മീറ്റിംഗ് ട്രഷറർ സി. സൗമ്യ സി.റ്റി. സി. നയിച്ച പ്രാർത്ഥനയോടെ ആരംഭിച്ചു. വൈസ് ചെയർമാൻ അഡ്വ. സി.വി. ആന്റണി എല്ലാവരേയും മീറ്റിംഗിലേയ്ക്ക് സ്വാഗതം ചെയ്തു. സെക്രട്ടറി ഫാ. സൈറസ് വേലംപറമ്പിൽ മുൻ യോഗത്തിന്റെ റിപ്പോർട്ടും പൊതുയോഗത്തിൽ അവതരിപ്പിക്കേണ്ട പത്താം വാർഷിക റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു അംഗീകരിച്ചു പാസ്സാക്കി. ചെയർമാൻ അജണ്ടയിൽ ഉൾപ്പെടുത്തിയ വിഷയങ്ങൾ അറിയിച്ചു.

തുടർന്ന് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭാവിപരിപാടികളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. സൊസൈറ്റിയുടെ ഇപ്പോഴത്തെ പ്രധാന പ്രവർത്തനങ്ങളായ ലോഗോസ് ക്വിസ് – 2001, ബൈബിൾ ഡി.റ്റി.പി, പ്രൂഫ് റീഡിംഗ്, എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ അംഗങ്ങളെ അറിയിച്ചു. ബൈബിൾ ഡി. റ്റി. പി രണ്ടു മാസത്തിനുള്ളിൽ പൂർത്തിയാക്കാൻ സാധിക്കുമെന്ന പ്രതീക്ഷ സെക്രട്ടറി അറിയിച്ചു. യോഗം ചർച്ചയ്ക്കുശേഷം താഴെപ്പറയുന്ന കാര്യങ്ങൾ തീരുമാനിച്ചു.

1. സൊസൈറ്റി അംഗങ്ങൾക്ക് 2001-2002 വർഷത്തെ ക്രിസ്തുമസ് സമ്മാനമായി ഡോ. മാത്യുവെള്ളാനിക്കൽ എഴുതിയ 'സുവിശേഷഭാഷ്യം' എന്ന പുസ്തകം നൽകുക.
2. കാലഘട്ടത്തിന്റെ മാറ്റത്തിനനുസരിച്ചുള്ള ഒരു വചന പ്രഘോഷണ മാധ്യമമെന്ന നിലയിൽ ഒരു മലയാള CD-Rom തയ്യാറാക്കുക. ഈ ജോലി ഏറ്റെടുക്കാൻ തയ്യാറായിട്ടുള്ള ബ്ര. തോമസ് പോൾ, ടിജോ ഗ്രൂപ്പുമായും ചർച്ച നടത്തി സാങ്കേതിക വശങ്ങൾ പഠിക്കുക.
3. സൊസൈറ്റി പ്രചാരണ രംഗത്ത് കൂടുതൽ പ്രയോജനപ്പെടുന്ന ഒരു ബൈബിൾ റീഡിംഗ് കലണ്ടർ വിൽപ്പനയ്ക്കായി തയ്യാറാക്കി പ്രസിദ്ധീകരിക്കുക. ലോഗോസ് ക്വിസ് മത്സരത്തിൽ സമ്മാനമായി നല്കുക.
4. സംസ്ഥാന തലത്തിൽ പി.ഒ.സി. യിൽ വച്ചു നടത്തുന്ന Logos Quiz മത്സര പരീക്ഷയിലെ Audio Visual ഘട്ടം കുറച്ചുകൂടി മെച്ചപ്പെട്ടതാക്കണം.
5. ലോഗോസ് ക്വിസ് മത്സരത്തിൽ ഏറ്റവും കൂടുതൽ പേരെ ചേർക്കുന്നവർക്കുള്ള രൂപത, ഇടവക, സ്ഥാപനങ്ങൾക്കുള്ള സമ്മാനങ്ങൾ നല്കേണ്ടതുണ്ട് ഓഗസ്റ്റ് -15 നു തന്നെ എല്ലാ രൂപതകളും രജിസ്റ്റർ ചെയ്തവരുടെ എണ്ണം പി. ഒ. സി. യിൽ എത്തിക്കുക.

അന്നേ ദിവസം ഉച്ച കഴിഞ്ഞ് നടക്കുന്ന പത്താം വാർഷിക പൊതുയോഗത്തെക്കുറിച്ചും പുതിയ മാനേജിംഗ് കൗൺസിൽ – എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളുടെ തിരഞ്ഞെടുപ്പിനെക്കുറിച്ചും അഭിവന്ദ്യ പിതാവ് ഓർമ്മിപ്പിച്ചു. കഴിഞ്ഞ മൂന്നു വർഷക്കാലം മാനേജിംഗ് കൗൺസിൽ-എക്സിക്യൂട്ടീവ് കമ്മിറ്റി ഭാരവാഹികളായി സേവനമനുഷ്ഠിച്ച അംഗങ്ങൾക്ക് പിതാവ് പ്രത്യേകം നന്ദി പറഞ്ഞു. പ്രാർത്ഥനയോടെ യോഗം 12.30 ന് സമാപിച്ചു.

**II** കേരള കാത്തലിക് ബൈബിൾ സൊസൈറ്റി എക്സിക്യൂട്ടീവിന്റേയും മാനേജിംഗ് കൗൺസിലിന്റേയും യോഗം 2001 സെപ്റ്റംബർ 7-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 ന് പി. ഒ. സി. യിൽ വച്ച് നടന്നു. ബൈബിൾ സൊസൈറ്റി ചെയർമാൻ അഭിവന്ദ്യ ബിഷപ്പ് മാർ ജോർജ് പുന്നക്കോട്ടിൽ അദ്ധ്യക്ഷത വഹിച്ചു. 26 പേർ പങ്കെടുത്ത മീറ്റിംഗ് ട്രഷറർ സി.സൗമ്യ സി.റ്റി.സി. നയിച്ച പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. സൊസൈറ്റി സെക്രട്ടറി റവ. ഫാ. സൈറസ് വേലംപറമ്പിൽ എല്ലാവരേയും മീറ്റിംഗിലേയ്ക്ക് സ്വാഗതം ചെയ്തശേഷം മുൻയോഗത്തിന്റെ റിപ്പോർട്ട് അവതരിപ്പിച്ചു അംഗീകരിച്ച് പാസ്സാക്കി. പിതാവ് അദ്ധ്യക്ഷപ്രസംഗത്തെത്തുടർന്ന് അജണ്ടയിൽ ഉൾപ്പെടുത്തിയ വിഷയങ്ങളും അറിയിച്ചു.

തുടർന്ന് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തി ഭാവിപരിപാടികളെക്കുറിച്ച് ചർച്ചകൾ നടന്നു. ലോഗോസ് ക്വിസ് 2001, ലോഗോസ് ക്വിസ് 2002, ഡി.റ്റി.പി. ബൈബിൾ, സാഹിത്യരചനാമത്സരം, ബൈബിൾ റീഡിംഗ് കലണ്ടർ എന്നിവയെക്കുറിച്ച് ചർച്ച നടത്തി താഴെപ്പറയുന്ന തീരുമാനങ്ങളെടുത്തു.

### ക ലോഗോസ് ക്വിസ് 2001

1. ഉത്തരക്കടലാസിലെ മാർക്കുകൾ ഇടവകയേയും പങ്കെടുക്കുന്നവരേയും അറിയിക്കണം.
2. സംസ്ഥാന തലത്തിലുള്ള ഫൈനൽ റൗണ്ട് മത്സരത്തിൽ മൈനസ് മാർക്ക് വേണ്ട

(ആദ്യറൗണ്ടിലെ രൂപതാതല മത്സരത്തിൽ മാർക്ക് ഇടാമെങ്കിലും)

3. 1500–ൽ കൂടുതൽ പേരെ പങ്കെടുപ്പിച്ച ഇടവകകൾക്ക് 500 പേർക്ക് 10 സമ്മാനമെന്ന അനുപാതത്തിൽ സമ്മാനം കൊടുക്കണം.

4. ലോഗോസിന്റെ ചോദ്യക്കടലാസിൽ സൊസൈറ്റിയെക്കുറിച്ച് വാർത്ത ചേർക്കുക

5. പ്രത്യേകം തീരുമാനിച്ച വിഷയങ്ങളൊഴിച്ച് ബാക്കി കാര്യങ്ങൾക്ക് പതിവ് അനുസരിച്ച് ലോഗോസ് ക്വിസ് 2001 ക്രമീകരിക്കുക.

## II ലോഗോസ് ക്വിസ് 2002

രജിസ്ട്രേഷൻ ആരംഭിക്കുന്നത് 1 ജൂൺ 2002 അവസാനിക്കുന്നത് 31 ജൂലൈ 2002

രജിസ്ട്രേഷൻ പി.ഒ.സി. യിൽ എത്തിക്കേണ്ടത് 16 ഓഗസ്റ്റ് 2002

രൂപതാതല പരീക്ഷ 6 ഒക്ടോബർ 2002

സംസ്ഥാനതല പരീക്ഷ 24 നവംബർ 2002

## III ബൈബിൾ സൊസൈറ്റി

6. അംഗത്വമെടുക്കാൻ പ്രോത്സാഹിപ്പിച്ചുകൊണ്ട് ഇടവകകളിലേക്കും സ്ഥാപനങ്ങളിലേക്കും കത്തുകളയക്കുക. എഴുത്തിൽ സൊസൈറ്റിയിൽ ചേരുവാൻ പ്രോത്സാഹിപ്പിച്ച് കത്തുകളയക്കാൻ താല്പര്യമുള്ളവരുടെ അഡ്രസ്സുകൂടി ആവശ്യപ്പെട്ട് എഴുതുക.

7. രൂപതാതലത്തിൽ ബൈബിൾ എടുത്ത് അംഗങ്ങൾക്ക് വിതരണം ചെയ്യുന്നവരുടെ കോൺടാക്റ്റ് അഡ്രസ്സ് സൊസൈറ്റി ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുക. അങ്ങനെയുള്ള സ്ഥലങ്ങളിൽ ബൈബിൾ കൊണ്ടുപോകുന്നത് രേഖപ്പെടുത്താനായി ഒരു രജിസ്റ്റർ ബുക്ക് ഏർപ്പെടുത്തുക.

8. സൊസൈറ്റിയുടെ ബുള്ളറ്റിന് 'ലോഗോസ് ' എന്ന പേര് സ്വീകരിച്ചു.

9. അക്രൈസ്തവർക്കും പാവപ്പെട്ടവർക്കും 25 രൂപയ്ക്ക് 2500 ബൈബിൾ വിതരണം ചെയ്യുന്നതു സംബന്ധിച്ച ക്രമീകരണത്തെക്കുറിച്ച് ചർച്ച ചെയ്തു. ഇടവക വികാരിയച്ചനോ രൂപതാ ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടറോ സർട്ടിഫൈ ചെയ്ത, ബൈബിൾ ആവശ്യമുള്ള ആളുകളുടെ കത്ത് ലഭിക്കുമ്പോൾ, രൂപതകൾക്ക് ആനുപാതികമായി വിതരണം ചെയ്യണമെന്ന് തീരുമാനിച്ചു.

10. 2002 മെയ് മാസത്തിലെ ബൈബിൾ വാരത്തോടനുബന്ധിച്ചും (സൊസൈറ്റിയുടെ പത്താം വർഷത്തിലും)membership Mobilization തീവ്രയജ്ഞപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കണമെന്ന് തീരുമാനിച്ചു.



11. ഡിസംബർ 8–ന് നടക്കുന്ന സെമിനാറിലും **membership Mobilization** നടത്തണമെന്ന് തീരുമാനിച്ചു

## IV. ബൈബിൾ അച്ചടി

ബൈബിൾ, ഡിവൈൻ ധ്യാനകേന്ദ്രം അച്ചടിക്കാൻ തുടങ്ങിയിട്ട് 5 വർഷമായെന്നും 5 ലക്ഷം കോപ്പികൾ അച്ചടിച്ച് വിതരണം ചെയ്തെന്നും ചെലവുകൾ വർദ്ധിച്ച സാഹചര്യത്തിൽ ഇനി 60 രൂപയ്ക്ക് ബൈബിൾ വിതരണം ചെയ്യുക ബുദ്ധിമുട്ടാണെന്നും 90 രൂപയാക്കി ഉയർത്തണമെന്നും ധ്യാനകേന്ദ്രം ഡയറക്ടർ ഫാ. ജോർജ്ജ് പനയ്ക്കൽ ആവശ്യപ്പെട്ടു. 70 രൂപയിൽ കൂടരുതെന്ന് കമ്മറ്റി അംഗങ്ങൾ നിർദ്ദേശിച്ചു.

V .Daily Bible Reading Calender നെ കുറിച്ചും ബൈബിളിന്റെ .DTP യെക്കുറിച്ചും സെക്രട്ടറി വിശദീകരിച്ചു. തുടർന്ന് നടന്ന ലളിതമായ ചടങ്ങിൽ ബൈബിൾ സൊസൈറ്റി തയ്യാറാക്കിയ പി.ഒ.സി. ബൈബിളിന്റെ .DTP സൊസൈറ്റി ചെയർമാൻ കൂടിയായ പിതാവ്, ഡിവൈൻ ധ്യാനകേന്ദ്രം ഡയറക്ടർ ഫാ. ജോർജ്ജ് പനയ്ക്കലിന് കൈമാറി. യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും ശ്രീ. സെബാസ്റ്റ്യൻ പാലയ്ക്കൽ നന്ദി പറഞ്ഞു. 4.00 മണിക്ക് യോഗം സമംഗളം അവസാനിച്ചു.

**III** കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് കമ്മറ്റിയുടെയും മാനേജിംഗ് കൗൺസിലിന്റേയും സമ്മേളനം 2001 നവംബർ 21–ാം തീയതി ഉച്ചകഴിഞ്ഞ് 2.30 ന് സൊസൈറ്റി ചെയർമാൻ അഭിവന്ദ്യ മാർ. ജോർജ്ജ് പുന്നക്കോട്ടിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. ജോൺസൺ കാഞ്ഞിരത്തിങ്കൽ നയിച്ച പ്രാർത്ഥനയ്ക്കുശേഷം വൈസ് ചെയർമാൻ ശ്രീ. അഗസ്റ്റിൻ മാസ്റ്റർ എല്ലാവർക്കും സ്വാഗതമാശംസിച്ചു. സെക്രട്ടറി ഫാ. സൈറസ് വേലംപറമ്പിൽ കഴിഞ്ഞ മീറ്റിംഗിന്റെ റിപ്പോർട്ട് വായിക്കുകയും അംഗങ്ങൾ അത് അംഗീകരിച്ച് പാസ്സാക്കുകയും ചെയ്തു. അദ്ധ്യക്ഷ പ്രസംഗത്തിൽ പിതാവ് ബൈബിൾ സൊസൈറ്റിയെക്കുറിച്ചും സൊസൈറ്റിയുടെ പ്രവർത്തനങ്ങളെക്കുറിച്ചും സംസാരിച്ചു.

മീറ്റിംഗിനോടനുബന്ധിച്ചു നടന്ന ചടങ്ങിൽ വച്ച് ബൈബിൾ സൊസൈറ്റി ചെയർമാൻ ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ, ബൈബിൾ സൊസൈറ്റി തയ്യാറാക്കിയ Daily Bible Reading Calender 2002 സൗത്ത് ഇൻഡ്യൻ ബാങ്ക് ജനറൽ മാനേജർ ശ്രീ.വി.പി. ജോസഫിന് നൽകിക്കൊണ്ട് റിലീസ് ചെയ്തു. കലണ്ടർ സ്പോൺസർ ചെയ്യുന്നതിന് താല്പര്യം കാണിച്ച സൗത്ത് ഇൻഡ്യൻ ബാങ്കിന്റെ ജനറൽമാനേജർക്കും ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും സൊസൈറ്റിയുടെ പേരിൽ അഭിവന്ദ്യ പിതാവ് പ്രത്യേകം നന്ദി പറഞ്ഞു. തുടർന്ന് ലോഗോസ് ക്വിസിനെ കുറിച്ചും ബൈബിൾ സൊസൈറ്റിയെക്കുറിച്ചും ചർച്ചകൾ നടത്തി താഴെപ്പറയുന്ന തീരുമാനങ്ങളെടുത്തു.

1. കൂടുതൽ പേർ പങ്കെടുക്കുന്നതിന് പ്രോത്സാഹിപ്പിക്കാനായി രൂപത ഇടവകതലത്തിലുള്ള സമ്മാനങ്ങൾ മത്സരത്തിൽ പങ്കെടുക്കുന്നരുടെ എണ്ണത്തിന്

ആനുപാതികമായി ക്രമീകരിക്കുക.

2. സൊസൈറ്റിയുടെ ധനശേഖരാർത്ഥം Endowment കൾ സംഘടിപ്പിക്കുക, സ്പോൺസേഴ്സിനെ കണ്ടെത്തുക, പരസ്യം പിടിക്കുക തുടങ്ങിയ പദ്ധതി കൾ സ്വീകരിക്കുക.

3. ബൈബിൾ സൊസൈറ്റിയിൽ കൂടുതൽ മെമ്പർഷിപ്പ് എടുപ്പിക്കുന്നതിനായി രൂപതാ മെത്രാൻ, ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർമാർ, ഇടവക വികാരി എന്നിവരുടെ സഹകരണത്തോടെ രൂപതകളിൽ പ്രാദേശിക മീറ്റിംഗുകൾ സംഘ ടിപ്പിച്ച് membership campain നടത്തണം.

4. താല്പര്യമുള്ളവർക്ക് സൊസൈറ്റിയിലേക്ക് സംഭാവനകൾ അയക്കുന്നതിനും മെമ്പർഷിപ്പ് ഫീസ് അടയ്ക്കുന്നതിനും സൗകര്യപ്പെടുത്തുന്നതിനായി പി. ഒ. സി യിലുള്ള സൗത്ത് ഇൻഡ്യൻ ബാങ്ക് POC extension counter ൽ ഒരു പുതിയ ബാങ്ക് അക്കൗണ്ട് തുടങ്ങുകയും അത് സൊസൈറ്റിയുടെ ബ്രോഷ്യ റിലും പരസ്യങ്ങളിലും പ്രസിദ്ധപ്പെടുത്തുക.

5. അച്ചടി ചിലവുകൾ വർദ്ധിച്ച സാഹചര്യത്തിൽ ബൈബിളിന്റെ വില വർദ്ധിപ്പി ക്കണമെന്ന് മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രം ഡയറക്ടർ ഫാ. ജോർജ്ജ് പനയ്ക്കൽ ആവശ്യപ്പെട്ടു. ബൈബിളിന്റെ വില പുതുക്കി നിശ്ചയിക്കുന്നത് ഡിസംബറിൽ രണ്ടാം വാരത്തിൽ നടക്കുന്ന കെ.സി.ബി.സി സമ്മേളനത്തിന്റെ തീരുമാനത്തിന് വിധേയമാണെന്ന് ചെയർമാൻ അറിയിച്ചു.

6. ബൈബിളിന് വില കൂട്ടുന്ന സാഹചര്യമുണ്ടായാൽ സൊസൈറ്റി അംഗങ്ങൾക്ക് പി. ഒ. സി സമ്പൂർണ്ണ ബൈബിളിൽ ഇപ്പോൾ നൽകുന്ന 10 രൂപ കുറച്ചു നൽകുന്ന ആനുകൂല്യം തുടരുക.

ശ്രീ. തോമസ് ജോൺ എല്ലാവർക്കും നന്ദി പറഞ്ഞു. പ്രാർത്ഥനയോടെ മീറ്റിംഗ് 5.30 ന് സമാപിച്ചു.



# വളർച്ചയുടെ പാതയിൽ

## ബൈബിൾ മൂന്നാം പതിപ്പ്

പി. ഒ. സി. സമ്പൂർണ്ണ ബൈബിളിന്റെ പുതിയ പതിപ്പ് ചില പരിഷ്കാരങ്ങളോടെ പ്രസിദ്ധീകരിച്ചു. മുൻപതിപ്പിൽ നിന്നു വ്യത്യസ്തമായി വലിപ്പം കുറച്ച് കൈയൊതു ക്കമുള്ള ആകൃതിയിലാണ് ഈ മൂന്നാം പതിപ്പ് തയ്യാറാക്കിയിരിക്കുന്നത്. പേജുകൾ വർദ്ധിപ്പിച്ച് പുസ്തകത്തിന്റെ നീളവും വീതിയും കുറച്ചു. വാക്യനമ്പറുകൾ മാർജി നിൽ കൊടുക്കുന്ന മുൻരീതി മാറ്റി ഇവിടെ വാക്യാരംഭത്തിൽ തന്നെ ചേർത്തു. ഓരോ നമ്പറിലേയും വാക്യം എവിടെ ആരംഭിക്കുന്നുവെന്ന് കൃത്യമായി അറിയുന്നതിന് ഈ രീതി ഉപകരിക്കും. ബൈബിൾ പ്രചാരണ പ്രഘോഷണദൗത്യം കൂട്ടായി നിർവ്വഹി ക്കുവാൻ കേരള കത്തോലിക്ക സഭയുടെ ഒരു കർമ്മവേദിയായ കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിലാണ് ഡി. ടി. പി. തയ്യാറാക്കിയത്. ഈ പതിപ്പ് തയ്യാറാക്കുന്നതിന് നേതൃത്വം നൽകിയ കെ. സി. ബി. സി. ബൈബിൾ കമ്മീ ഷൻ ചെയർമാൻ മാർജോർജ്ജ് പുന്നക്കോട്ടിൽ പിതാവിനെ നന്ദിയോടെ സ്മരിക്കു ന്നു. ഈ പതിപ്പിന്റെ ഭാഷാ പരിശോധനയിലും ഡി.ടി.പി. തയ്യാറാക്കിയപ്പോൾ പ്രൂഫ് റീഡിംഗിലും സഹായിച്ച എല്ലാവരെയും ബൈബിളിന്റെ അച്ചടി കാര്യക്ഷമമായി നിർവ്വ ഹിക്കുന്ന ഡിവൈൻ ധ്യാനകേന്ദ്രത്തേയും നന്ദിയോടെ ഓർക്കുന്നു. എല്ലാവർക്കും ഹൃദയപൂർവ്വം നന്ദി പറയുന്നു. ജീവദായകമായ വചനം എല്ലാവരിലും ധാരാളമായി സത്ഫലങ്ങൾ പുറപ്പെടുവിക്കാൻ നമുക്കു പ്രാർത്ഥിക്കാം.

## ബൈബിൾ വിവർത്തന പരിഷ്കരണം

കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ നടക്കുന്ന പി. ഒ. സി. ബൈബിൾ വിവർത്തനപരിഷ്കരണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. വിവർത്തന പരിഷ്കരണം താമസിയാതെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

## ബൈബിൾ വിതരണം

നടപ്പുസാമ്പത്തിക വർഷം പി. ഒ. സി. യിൽ നിന്ന് 32910 ബൈബിൾ ആകെ വിത രണം ചെയ്യുകയുണ്ടായി. 2001 ഡിസംബർ 31 വരെ 60 രൂപ നിരക്കിൽ ലഭിക്കുന്ന സമ്പൂർണ്ണ ബൈബിൾ സൊസൈറ്റി അംഗങ്ങൾക്ക് 50 രൂപ നിരക്കിൽ വിതരണം ചെയ്തു. 2001 ഡിസംബർ 11 മുതൽ 13 വരെ പി.ഒ.സി. യിൽ കൂടിയ കേരള കാത്ത ലിക് ബിഷപ്സ് കോൺഫ്രൻസ് സമ്മേളനത്തിൽ വച്ച് ഡിവൈൻ ധ്യാനകേന്ദ്രംഡയറ

ക്ടർ ഫാ. ജോർജ്ജ് പനയ്ക്കൽ ആവശ്യപ്പെട്ടതനുസരിച്ച് കെ. സി.ബി.സി., പി.ഒ.സി. സമ്പൂർണ്ണ ബൈബിളിന്റെ വില 80 രൂപയാക്കി. സൊസൈറ്റി അംഗങ്ങൾക്ക് 70 രൂപയ്ക്ക് വിതരണം ചെയ്തു. നടപ്പു സാമ്പത്തിക വർഷം 15024 ബൈബിൾ സബ്സിഡറി നിരക്കിൽ സൊസൈറ്റി അംഗങ്ങൾക്ക് നൽകുകയുണ്ടായി. സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന ബൈബിളില്ലാത്ത കുടുംബങ്ങൾക്ക് 25 രൂപ നിരക്കിൽ 901 ബൈബിൾ വിതരണം ചെയ്യുകയുണ്ടായി. 2002 മാർച്ച് 31 ന് സൊസൈറ്റിയുടെ ആസ്തി 7970755.43 രൂപയാണ്. മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തിന് ബൈബിൾ പ്രിന്റിംഗ് നല്കിയ 15 ലക്ഷം രൂപയിൽ 4,80,000 തിരിച്ചു നൽകിയതു കുറച്ചുള്ള 10,20,000 രൂപയും ഇതിലുൾപ്പെടുന്നു. അംഗങ്ങൾക്ക് ക്രിസ്തുമസ് സമ്മാനമായി റവ. ഡോ. മാത്യു വെള്ളാനിക്കൽ അച്ചൻ എഴുതിയ 'സുവിശേഷഭാഷ്യം' എന്ന പുസ്തകം അയച്ചു കൊടുത്തു.

## അംഗത്വനില

അംഗത്വനില കഴിഞ്ഞ വർഷത്തേതുമായി താരതമ്യപ്പെടുത്തുമ്പോൾ താഴെപ്പറയും പ്രകാരമാണ്.

| അംഗത്വം | രൂപ | 11.12.90 മുതൽ 31.3.2001 | 1.4.2000 മുതൽ 31.3.2002 | ആകെ |
|---|---|---|---|---|
| ഓർഡിനറി | 250 | 4514 | 115 | 4629 |
| സ്പെഷ്യൽ | 500 | 385 | 14 | 399 |
| ലൈഫ് | 1000 | 1952 | 9 | 1961 |
| സ്പെഷ്യൽ ലൈഫ് | 5000 | 111 | 1 | 112 |
| സ്പോൺസർ ലൈഫ് | 10000 | 40 | 0 | 40 |
| ഇൻസ്റ്റിറ്റ്യൂഷൻ | 10000 | 160 | 0 | 160 |
| പാരിഷ് ഓർഡിനറി | 2500 | 158 | 1 | 159 |
| പാരിഷ് ലൈഫ് | 10000 | 23 | 0 | 23 |
| ആകെ | | | | 7483 |

## ലോഗോസ് ക്വിസ് 2001

സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ അഖിലകേരള തലത്തിൽ ലോഗോസ് ക്വിസ് 2001 എന്ന ബൈബിൾ ക്വിസ് മത്സരം വിജയകരമായി നടത്തി. 24 രൂപതകളിൽ നിന്നായി 1669 സെന്ററുകളിൽ വച്ച് 184895 പേർ പരീക്ഷ എഴുതുകയുണ്ടായി. വി. യോഹന്നാൻ എഴുതിയ സുവിശേഷവും യോഹന്നാന്റെ മൂന്നു ലേഖനങ്ങളുമായിരുന്നു വിഷയം. ഇത് അടിസ്ഥാനമാക്കി ഒക്ടോബർ 7–ാം തീയതി രൂപതാതലത്തിൽ പരീക്ഷ



നടത്തി. ഓരോ രൂപതയിലും 4 പ്രായവിഭാഗങ്ങളിലായി ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിച്ചവരെ പങ്കെടുപ്പിച്ചുകൊണ്ട് നവംബർ 25–ാം തീയതി സംസ്ഥാനതല പരീക്ഷ പി.ഒ.സി.യിൽ വച്ചു നടന്നു. അന്നേ ദിവസം രാവിലെ 8 മണിക്ക് രജിസ്ട്രേഷൻ ആരംഭിച്ചു. 10 മണിക്ക് മെയിൻ ഓഡിറ്റോറിയത്തിൽ ഭക്തിനിർഭരമായ പ്രാർത്ഥന നടത്തി. തുടർന്ന് ഒന്നരമണിക്കൂർ ദീർഘിച്ച എഴുത്തുപരീക്ഷ മെയിൻ ഓഡിറ്റോറിയം, ക്ലാസ് റൂം, മിനിഓഡിറ്റോറിയം എന്നിവിടങ്ങളിലായി നടന്നു. 260 പേരോളം ഈ എഴുത്തുപരീക്ഷയിൽ പങ്കെടുത്തു. മംഗലപ്പുഴ സെമിനാരി ബ്രദേഴ്സിന്റെ സഹായത്തോടെ പേപ്പർ വാല്യുവേഷൻ നടന്നു. എഴുത്തു പരീക്ഷയിൽ നിന്ന് 4 പ്രായവിഭാഗങ്ങളിലായി 40 പേരെ തിരെഞ്ഞെടുത്തു. ഉച്ചകഴിഞ്ഞ് അനക്സിൽ നാലു മുറികളിലായി ഒരേ സമയത്ത് നടന്ന ദൃശ്യ–ശ്രാവ്യ കംപ്യൂട്ടർ ചോദ്യോത്തര പരീക്ഷയിൽ നിന്നും 4 പ്രായവിഭാഗത്തിലുമായി 1,2,3,4 സ്ഥാനങ്ങൾ നേടിയവരെ കണ്ടെത്തി ഫലം പ്രസിദ്ധീകരിച്ചു. സംസ്ഥാനതല വിജയികളായി തിരഞ്ഞെടുത്തവർക്ക് ഡിസംബർ 8–ാം തീയതി നടക്കുന്ന ബൈബിൾ സെമിനാറിന്റെ സമാപനത്തിൽ സമ്മാനങ്ങൾ നൽകുമെന്ന് അറിയിച്ചു. അഞ്ചാംസ്ഥാനക്കാർക്ക് പരീക്ഷയിൽ പങ്കെടുത്ത ബാക്കിയുള്ള എല്ലാവർക്കും 100 രൂപയുടെ ബൈബിൾ സംബന്ധമായ പുസ്തകങ്ങളും പി.ഒ.സി. സമ്പൂർണ്ണ ബൈബിളും നൽകി.

ലോഗോസ് ക്വിസ് 2001 നും സാഹിത്യരചനാമത്സരം 2001 നും സംസ്ഥാനതലത്തിൽ വിജയികളായവർക്കുവേണ്ടി പി.ഒ.സി. മിനി ഓഡിറ്റോറിയത്തിൽ വച്ച് ഡിസംബർ 8–ാം തീയതി ഏകദിന ബൈബിൾ സെമിനാർ നടന്നു. ക്ലാസ് വടവാതൂർ സെമിനാരിയിലെ ബൈബിൾ പണ്ഡിതനായ ഫാ. ജോസ് വടക്കേടത്ത് നയിച്ചു. സെമിനാറിൽ 60 പേരോളം പങ്കെടുത്തു. ഉച്ച കഴിഞ്ഞ് 3 മണിക്ക് ചേർന്ന പൊതുസമ്മേളനം ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ ഉദ്ഘാടനം ചെയ്തു. പി.ഒ.സി. ഡയറക്ടർ ഫാ. ചാക്കോ നരിമറ്റം, സൊസൈറ്റി സെക്രട്ടറി ഫാ. സൈറസ് വേലംപറമ്പിൽ, വൈസ് ചെയർമാൻ ശ്രീ അഗസ്റ്റിൻ മാസ്റ്റർ, എറണാകുളം ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർ ഫാ. ജോസ് പുതിയേടത്ത്, ഇരിങ്ങാലക്കുട ബൈബിൾ അപ്പസ്തലേറ്റ് ഡയറക്ടർ ഫാ. പോളികണ്ണൂക്കാടൻ, ശ്രീ ജോസ് മനയാനി ('C' പ്രായവിഭാഗം സംസ്ഥാനതല വിജയി) എന്നിവർ പ്രസംഗിച്ചു. തുടർന്ന് ചെയർമാൻ ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ വിജയികളായവർക്ക് ക്യാഷ് അവാർഡുകൾ സ്വർണ്ണം, വെള്ളി മെഡലുകൾ, സർട്ടിഫിക്കറ്റുകൾ, പി. ഒ. സി. സമ്പൂർണ്ണ ബൈബിൾ എന്നിവ വിതരണം ചെയ്തു. ശ്രീ അഗസ്റ്റിൻ മാസ്റ്റർ സ്വാഗതവും ശ്രീ തോമസ് ജോൺ കൃതജ്ഞതയും പറഞ്ഞു.

ഏറ്റവും കൂടുതൽ പേരെ പങ്കെടുപ്പിച്ച രൂപതകൾക്കും ഇടവകകൾക്കും വിദ്യാഭ്യാസസ്ഥാപനത്തിനുള്ള ക്യാഷ് അവാർഡുകളും ഷീൽഡുകളും കൂടാതെ ബൈബിൾ

കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടത്തിയ സാഹിത്യരചനാ മത്സരവിജയികൾക്കുള്ള സമ്മാനങ്ങളും ഈ സമ്മേളനത്തിൽ വച്ച് നൽകി. കൂടുതൽ പേരെ പങ്കെടുപ്പിച്ച് ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിച്ച രൂപതകളും ഇടവകകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും താഴെ പറയുന്നവയാണ്.

## രൂപതകൾ

ഒന്നാം സമ്മാനം – എറണാകുളം അതിരൂപത (25384) രണ്ടാം സമ്മാനം – ഇരിങ്ങാലക്കുട രൂപത (23700) മൂന്നാം സമ്മാനം – തൃശ്ശൂർ അതിരൂപതാ (20250)

## ഇടവകകൾ

ഒന്നാം സമ്മാനം – സെന്റ് തോമസ് കത്തിഡ്രൽ ഇരിങ്ങാലക്കുട– ഇരിങ്ങാലക്കുട രൂപത (2020) രണ്ടാം സമ്മാനം – സെന്റ് സേവ്യേഴ്സ് ചർച്ച് തെക്കൻ താന്നിശ്ശേരി ഇരിങ്ങാലക്കുട രൂപത (1540) മൂന്നാം സമ്മാനം – സെന്റ് തോമസ് ചർച്ച് – അരണാട്ടുകര, തൃശ്ശൂർ, തൃശ്ശൂർ അതിരൂപത (1350)

## വിദ്യാഭ്യാസ സ്ഥാപനങ്ങൾ

**ഒന്നാം** സമ്മാനം – സെന്റ് ജോസഫ് കോളേജ്, ഇരിങ്ങാലക്കുട ഇരിങ്ങാലക്കുട രൂപത (501) രണ്ടാം സമ്മാനം – സെന്റ്മേരീസ് ജി.എച്ച്. എസ്സ്, എറണാകുളം എറണാകുളം അതിരൂപതാ (358) മൂന്നാം സമ്മാനം – നിർമ്മലമാതാ കോൺവെന്റ് ഹയർസെക്കണ്ടറി സ്ക്കൂൾ, കണിയമുത്തൂർ, പാലക്കാട്– പാലക്കാട് രൂപത (274)

## ലോഗോസ് ക്വിസ് 2002

ഇനിയുള്ള വർഷങ്ങളിലും ലോഗോസ് ക്വിസ് നടത്തുക എന്ന തീരുമാനമനുസരിച്ച് ലോഗോസ് ക്വിസ് 2002 ന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. എല്ലാ രൂപതകളിലേക്കും ആവശ്യമായ പോസ്റ്റർ, ബ്രോഷ്വർ, ലീഡേഴ്സ് നോട്ടീസ്, രജിസ്ട്രേഷൻ ഷീറ്റ്സ്, ലഘുപഠനം എന്നിവ അയച്ചു. ഈ വർഷം പഠനഭാഗമായി സ്വീകരിച്ചിരിക്കുന്നത് വി. ലൂക്കാ എഴുതിയ സുവിശേഷവും പത്രോസിന്റെ ഒന്നും രണ്ടും ലേഖനങ്ങളുമാണ്. ഈ ഗ്രന്ഥങ്ങളെക്കുറിച്ചുള്ള പഠനവും മാതൃകാ ചോദ്യങ്ങളും അടങ്ങിയ ഒരു ലഘുപഠനത്തിന്റെ കോപ്പികൾ അച്ചടിച്ച് വിതരണത്തിനായി രൂപതാ കേന്ദ്രങ്ങളിൽ എത്തിച്ചിട്ടുണ്ട്. ഒക്ടോബർ 6–ാം തീയതി ഞായറാഴ്ച രൂപതാ തലത്തിലും നവംബർ 24–ാം തീയതി ഞായറാഴ്ച സംസ്ഥാനതലത്തിലും പരീക്ഷ നടത്തപ്പെടും. ക്യാഷ് അവാർഡുകൾ , സ്വർണ്ണ മെഡലുകൾ, ബൈബിൾ പഠന ഗ്രന്ഥങ്ങൾ എന്നിവയ്ക്ക് പുറമെ ഇടവക തലത്തിൽ 70% ൽ കൂടുതൽ മാർക്ക് വാങ്ങുന്നവർക്കും രൂപതാതലത്തിൽ 80% ൽ കൂടുതൽ മാർക്ക് വാങ്ങുന്നവർക്കും കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതാണ്. ലോഗോസ് ക്വിസിന്റെ വിജയത്തിനുവേണ്ടി ആത്മാർത്ഥമായി സഹകരിക്കുകയും അദ്ധ്വാനിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന ബൈബിൾ സൊസൈറ്റി എക്സിക്യൂട്ടീവ്–മാനേജ് കൗൺസിൽ ഭാരവാഹികൾ രൂപതാ കോ–ഓഡിനേറ്റർമാരായ ബഹുമാനപ്പെട്ട വൈദികർ, ബഹു. ഇടവക വികാരിമാർ, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നേതൃത്വം നൽകിയവർ, ബഹു. സിസ്റ്റേഴ്സ്,



ടീം ലീഡേഴ്സ്, ആത്മായ സഹോദരീസഹോദരന്മാർ എന്നിവരെ നന്ദിയോടെ ഓർക്കുന്നു. നിങ്ങളുടെ സഹകരണം തുടർന്നും പ്രതീക്ഷിക്കുന്നു.

## ബൈബിൾ റീഡിംഗ് കലണ്ടർ

ദേവാലയങ്ങളിലും സമൂഹങ്ങളിലും കുടുംബങ്ങളിലും വ്യക്തി ജീവിതത്തിലും അനുദിന ബൈബിൾ വായനയ്ക്ക് ഒരു ഉത്തമ സഹായിയായി ബൈബിൾ സൊസൈറ്റി ഒരുക്കിയതാണ് ബൈബിൾ റീഡിംഗ്കലണ്ടർ. ഇതിൽ അനുദിന ദിവ്യബലിയുടെ വായനകളും വിചിന്തനത്തിനായി ബൈബിൾ വാക്യവും കൊടുത്തിരിക്കുന്നു. ഈ കലണ്ടർ അച്ചടിച്ച് വിതരണം ചെയ്യുന്നതിന് സഹായസഹകരണങ്ങൾ ചെയ്ത സൗത്ത് ഇൻഡ്യൻ ബാങ്കിന്റെ അധികാരികളേയും ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു.

## ബാങ്ക് അക്കൗണ്ട്

2001 നവംബർ 21 ലെ എക്സിക്യൂട്ടീവ് മാനേജിംഗ് കൗൺസിൽ തീരുമാനമനുസരിച്ച് സൗത്ത് ഇൻഡ്യൻ ബാങ്ക് പി.ഒ.സി. എക്സ്റ്റൻഷനിൽ സേവിംഗ് അക്കൗണ്ട് നമ്പർ 750 ആയി ബൈബിൾ സൊസൈറ്റി രണ്ടാമത് ഒരു അക്കൗണ്ട് തുടങ്ങി. സൊസൈറ്റിയിലേക്ക് മെമ്പർഷിപ്പ്, ഫീസും സംഭാവനകളും അയക്കുന്നതിന് പൊതുജനങ്ങൾക്ക് ഉപകാരപ്പെടുന്നതിനാണ് ഈ അക്കൗണ്ട് ഉദ്ദേശിച്ചിട്ടുള്ളത്.

## ബൈബിൾ സൊസൈറ്റി പ്രസിദ്ധീകരണം

റവ. ഡോ. കുര്യൻ വാലുപറമ്പിൽ രചിച്ച "വി.ലൂക്കാ എഴുതിയ സുവിശേഷം ഒരു ലഘുഭാഷ്യം" എന്ന പുസ്തകം ബൈബിൾ സൊസൈറ്റി പ്രസിദ്ധീകരിച്ചു. ലോഗോസ് ക്വിസ് മത്സരത്തിൽ സമ്മാനർഹർക്ക് വിതരണം ചെയ്തു.

## മലയാളം ബൈബിൾ ഇ.ഉ.ഞീ വെബ്സെറ്റ്

മാധ്യമങ്ങൾ വളരെ സ്വാധീനം ചെലത്തുന്ന ആധുനികയുഗത്തിൽ മലയാളം ബൈബിളിന് ഒരു C.D.Rom തയ്യാറാക്കുക കേരളസഭയുടെ കാലഘട്ടത്തിന്റെ ആവശ്യമാണ്. അതുപോലെ സൊസൈറ്റിക്ക് ഒരു വെബ്സെറ്റും. ഈ ആവശ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട് ഒരു E-Bible ഉം വെബ്സെറ്റും തയ്യാറാക്കുന്നതിന് കമ്പ്യൂട്ടർ വിദഗ്ധരുമായി ചർച്ചകൾ നടത്തിവരുന്നു.

## നന്ദി

ബൈബിൾ സൊസൈറ്റിയുടെ എല്ലാപ്രവർത്തനങ്ങളിലും അതിനെ കൈപിടിച്ചു നടത്തുന്ന നല്ലവനായ ദൈവത്തിന് നന്ദി പറയുന്നു. ബൈബിൾ പ്രഘോഷണ രംഗത്ത് ബൈബിൾ കമ്മീഷനും ബൈബിൾ സൊസൈറ്റിയും ചെയ്യുന്ന എല്ലാപ്രവർത്തനങ്ങൾക്കും ചെയർമാനായ പുന്നക്കോട്ടിൽ പിതാവിന്റെ ശക്തമായ നേതൃത്വത്തോടും പ്രോത്സാഹനങ്ങളോടും കടപ്പാടുണ്ട്. കഴിഞ്ഞ 25 വർഷക്കാലത്തെ അദ്ദേഹത്തിന്റെ മെത്രാൻ പദവിയുടെ ജീവിതം ബൈബിൾ കമ്മീഷനുമായി ബന്ധപ്പെട്ടതാണ്. കേരള സഭയിൽ ഒരു ബൈബിൾ സംസ്ക്കാരം രൂപം കൊള്ളുവാൻ അഭിവന്ദ്യപിതാവ് നൽകിയ എല്ലാ സംഭാവനകൾക്കും ബൈബിൾ സൊസൈറ്റി കുടുംബാംഗങ്ങളായ ഞങ്ങൾ എല്ലാവരും ചേർന്ന് നന്ദി പറയുന്നു. മെത്രാഭിഷേക രജതജൂബിലിയുടെ എല്ലാ മംഗളങ്ങളും

ഹൃദയപൂർവ്വം ആശംസിക്കുകയും ചെയ്യുന്നു.

കേരള കാത്തലിക് ബൈബിൾ സൊസൈറ്റി കേരള കാത്തലിക് ബിഷപ്സ് കൗൺസിലിന്റെ ശക്തമായ സംരക്ഷണയിൽ പ്രവർത്തിക്കുന്ന ഒരു സൊസൈറ്റിയാണ്. ബിഷപ്സ് കൗൺസിലിന്റെ തന്നെ പ്രസിഡന്റും സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ്പുമായ കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ പിതാവാണ് ഈ മീറ്റിംഗ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുക. ക്ഷണം സ്വീകരിച്ചു സാന്നിദ്ധ്യത്തിലൂടെ ഈ സമ്മേളനത്തെ ധന്യമാക്കിയ പിതാവിന്റെ ആ സ്നേഹത്തിന് ഞങ്ങൾ എല്ലാവരും ഒന്നു ചേർന്ന് നന്ദി പറയുന്നു.

സൈസൈറ്റിയുടെ ക്ഷണം സ്വീകരിച്ച് ഈ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കുന്ന കണ്ണൂർ രൂപതാദ്ധ്യക്ഷനായ ബിഷപ്പ് ഡോ . വർഗ്ഗീസ് ചക്കാലക്കൽ പിതാവ് കെ.സി. ബി.സി. ബൈബിൾ കമ്മീഷന്റെ വൈസ് ചെയർമാൻ കൂടിയാണ്. അഭിവന്ദ്യ പിതാവ് കാണിക്കുന്ന സന്മനസ്സിന് പ്രത്യേകവിധം നന്ദി പറയുന്നു.

സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്ക് നിരന്തരം താങ്ങും തണലും നൽകുന്ന പി. ഒ. സി. ഡയറക്ടർ റവ. ഡോ. ചാക്കോ നരിമറ്റത്തിലിനെ നന്ദിയോടെ സ്മരിക്കുന്നു. ബൈബിൾ സൊസൈറ്റി വൈസ് ചെയർമാൻ ശ്രീ. എം. പി. അഗസ്റ്റിൻ മാസ്റ്റർ, ജോയിന്റ് സെക്രട്ടറി ശ്രീ. തോമസ് ജോൺ, ട്രഷറർ റവ. സി. സൗമ്യ സി.റ്റി.സി., ഓഫീസ് സെക്രട്ടറിമാരായ മിസ്സിസ് ടെർസിറ്റ ക്ലീറ്റസ്, റോബിൻസൺ, എക്സിക്യൂട്ടീവ് കമ്മിറ്റി – മാനേജിംഗ് കൗൺസിൽ അംഗങ്ങൾ, ഓഡിറ്റർ ശ്രീ. പി.സി. വർഗ്ഗീസ് എന്നിവർക്ക് ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തുന്നു. പി. ഒ. സി. യുടെ മറ്റു സ്റ്റാഫംഗങ്ങൾക്കും പ്രത്യേകമാംവിധം നന്ദി രേഖപ്പെടുത്തുന്നു.

## ഉപസംഹാരം

ബൈബിൾ സൊസൈറ്റിയുടെ എല്ലാ ഭാവിപ്രവർത്തനങ്ങളും ദൈവപരിപാലനയിൽ അർപ്പിക്കുന്നു. ദൈവവചനത്തിന്റെ വളർച്ചയ്ക്കായി പുതിയ വർഷത്തിൽ പുതിയ കർമ്മപദ്ധതികൾ ആവിഷ്കരിക്കാം. നമുക്ക് ഒത്തൊരുമയോടെ പ്രവർത്തിക്കാം. ഈ സമ്മേളനത്തിൽ താല്പര്യത്തോടെ പങ്കെടുക്കുന്ന ഏവർക്കും നന്ദി പറഞ്ഞുകൊണ്ട് ഈ റിപ്പോർട്ട് സവിനയം സമർപ്പിക്കുന്നു.

ഫാ. സൈറസ് വേലംപറമ്പിൽ

സെക്രട്ടറി

ബിഷപ്പ് മാർ ജോർജ് പുന്നക്കോട്ടിൽ

ചെയർമാൻ

പി.ഒ.സി.,

കൊച്ചി – 682 025

22.6.2002



# ബൈബിൾ സൊസൈറ്റിയുടെ സേവനം മഹത്തരം

## കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ

കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെയും കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെയും ചെയർമാൻ മാർ ജോർജ്ജ് പുന്നക്കോട്ടിലിന്റെ മെത്രാഭിഷേക രജതജൂബിലി, ബൈബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ 22–ാം തീയതി ശനിയാഴ്ച പി.ഒ.സി. ഓഡിറ്റോറിയത്തിൽ ആഘോഷിച്ചു. ബൈബിൾ വിജ്ഞാനീയരംഗത്ത് ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ നൽകുന്ന സംഭാവനകൾ അമൂല്യമാണെന്ന് കെ.സി.ബി.സി. പ്രസിഡന്റും മേജർ ആർച്ചുബിഷപ്പുമായ കർദ്ദിനാൾ മാർ വർക്കിവിതയത്തിൽ പറഞ്ഞു. കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ചെയർമാൻ എന്ന നിലയിൽ അദ്ദേഹം നിസ്തുലസംഭാവന സഭയ്ക്ക് നൽകി. ബൈബിൾ പണ്ഡിതനായ ബിഷപ്പ് പുന്നക്കോട്ടിൽ മറ്റു മതങ്ങളെക്കുറിച്ചും അപാരമായ അറിവുള്ള വ്യക്തിയാണെന്നും ബൈബിൾ പ്രസിദ്ധീകരണ രംഗത്ത് കേരള സഭയ്ക്ക് ഏറ്റവും കൂടുതൽ സേവനം നൽകിയിട്ടുള്ളത് പുന്നക്കോട്ടിൽ പിതാവാണെന്നും കർദ്ദിനാൾ ചൂണ്ടിക്കാട്ടി. ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിലിന്റെ മെത്രാഭിഷേക രജതജൂബിലി ആഘോഷങ്ങളും കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ വാർഷിക പൊതുയോഗവും ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ബൈബിൾ പ്രേഷിതരംഗത്ത് കേരള ക്രൈസ്തവരുടെ നവമായൊരു കാൽവയ്പാണു കേരള കാത്തലിക് ബൈബിൾ സൊസൈറ്റി. ബൈബിൾ പ്രഘോഷണ – പ്രചാരണദൗത്യം കൂട്ടായി നിർവ്വഹിക്കാൻ സഹായിക്കുന്ന ഒരു കർമ്മവേദിയാണിത്. കത്തോലിക്കാ സഭയുടെ പ്രബോധനമനുസരിച്ച് ബൈബിൾ പ്രേഷിതദൗത്യം നിർവ്വഹിക്കുക, ബൈബിൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുക, ഒരു ബൈബിൾ സംസ്കാരം രൂപപ്പെടുത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി ബൈബിൾ സംബന്ധമായ ഗ്രന്ഥങ്ങളും ലഘുലേഖകളും വിതരണം ചെയ്യുക തുടങ്ങിയ പല കർമ്മപദ്ധതികളും സൊസൈറ്റിക്കുണ്ട്. ക്രൈസ്തവന്റെ മുഖ്യലക്ഷ്യം ദൈവവചനം പകർന്നു നൽകലാണ്. ഒരു വെല്ലുവിളിയെന്ന നിലയ്ക്കാണ് ബൈബിൾ സൊസൈറ്റി ഈ കടമ ഏറ്റെടുത്ത് മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്നതെന്ന് കർദ്ദിനാൾ ചൂണ്ടിക്കാട്ടി. ബൈബിൾ പ്രചരിപ്പിക്കുക എന്ന മഹത്തായ കാര്യമാണ് ബൈബിൾ സൊസൈറ്റി ചെയ്യുന്നത്. ബൈബിളിനെപ്പറ്റിയുള്ള അജ്ഞത ക്രിസ്തുവിനെപ്പറ്റിയുള്ള അജ്ഞതയാണ്. വിശ്വാസം പ്രചരിപ്പിക്കുന്നതിനാണ് ബൈബിൾ സൊസൈറ്റി പ്രവർത്തിക്കുന്നത്. ഇതിൽ കൂടുതൽ മഹത്തായ പ്രവർത്തി വേറെയില്ലെന്ന് കർദ്ദിനാൾ പറഞ്ഞു. മാർ പുന്നക്കോട്ടിലിന് കെ.സി.ബി.സി. യുടെ പേരിൽ എല്ലാവിധ ഭാവുകങ്ങളും കർദ്ദിനാൾ ആശംസിച്ചു.

പി.ഒ.സി. ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ വൈസ് ചെയർമാൻ ബിഷപ്പ് ഡോ. വർഗ്ഗീസ് ചക്കാലക്കൽ അദ്ധ്യക്ഷത വഹിച്ചു. പി.ഒ.സി. ഡയറക്ടർ റവ. ഡോ. ചാക്കോ നരിമറ്റം, ജസ്റ്റീസ് കുര്യൻ ജോസഫ്, സെബാസ്റ്റ്യൻ പാലയ്ക്കൽ, മോൺ. ഫിലിപ്പ് ഞരളക്കാട്ട് എന്നിവർ ആശംസ നേർന്നു. സൊസൈറ്റി സെക്രട്ടറി റവ. ഡോ. സൈറസ് വേലംപറമ്പിൽ റിപ്പോർട്ട് അവതരിപ്പിച്ചു. ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ മറുപടിപ്രസംഗം നടത്തി.

ബൈബിൾ സൊസൈറ്റിയിലേയ്ക്ക് കൂടുതൽ അംഗങ്ങളെ ചേർക്കുന്ന രൂപതയ്ക്ക് അവാർഡ് ഏർപ്പെടുത്തുന്നതിനായി ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപറമ്പിൽ സംഭാവന ചെയ്ത ഒന്നരലക്ഷം രൂപയുടെ ചെക്ക് മാർജോർജ്ജ് പുന്നക്കോട്ടിലിന് പാലാ രൂപതാ വികാരി ജനറൽ മോൺ. ഫിലിപ്പ് ഞരളിക്കാട്ട് കൈമാറി.

## പുതുക്കിയ മെമ്പർഷിപ് ഫീസ്

2002 ജൂൺ 22-ാം തീയതിയിൽ കേരള കാത്തലിക്ക് ബൈബിൾ സൊസൈറ്റിയുടെ പൊതുയോഗത്തിൽ തീരുമാനിച്ചതനുസരിച്ച് പുതുക്കിയ മെമ്പർഷിപ് ഫീസ്.

| അംഗത്വ രീതി | ഫീസ് |
|---|---|
| ഓർഡിനറി...................................... | 500 |
| സ്പെഷ്യൽ.................................... | 1000 |
| ലൈഫ്......................................... | 2000 |
| സ്പെഷ്യൽ ലൈഫ്......................... | 10,000 |
| സ്പോൺസർ ലൈഫ്...................... | 20,000 |
| ഇൻസ്റ്റിറ്റ്യൂഷൻ................................ | 20,000 |
| പാരിഷ് ഓർഡിനറി.......................... | 5,000 |
| പാരിഷ് ലൈഫ്.............................. | 20,000 |

### നിങ്ങൾക്കെങ്ങനെ സഹായിക്കാൻ സാധിക്കും ?

പ്രത്യാശയുടെ പടിവാതിലായ മൂന്നാം സഹസ്രാബ്ദത്തിലും ധാരാളം സ്ത്രീ പുരുഷൻമാർ ദൈവവചനത്തിനായി വിശപ്പനുഭവിക്കുന്നു. ആത്മീയ ഭക്ഷണത്തിനായി ദാഹിക്കുന്നു. ബൈബിളില്ലാത്ത ഓരോ പുരുഷനും സ്ത്രീക്കും കുട്ടിക്കും ബൈബിൾ നൽകുവാൻ വാതിലുകൾ നിങ്ങൾക്കായി തുറക്കപ്പെട്ടിരിക്കുന്നു. എത്രനാൾ അവർ ദൈവവചനം വായിക്കുവാൻ ആകാംക്ഷയോടെ കാത്തിരിക്കണം. നമ്മുടെ ലക്ഷ്യം എല്ലാ കുടുംബങ്ങൾക്കും, വിദ്യാർത്ഥികൾക്കും, അനാഥകുട്ടികൾക്കും, ജയിൽവാസികൾക്കും,ആശുപത്രിരോഗികൾക്കും ബൈബിൾ നൽകുകയാണ്. നിങ്ങൾ നൽകുന്ന ഓരോ നാണയത്തിനും ധാരാളം സ്വീകർത്താക്കളുണ്ട്. ബൈബിൾ പ്രേഷിതത്വത്തിന് നിങ്ങളുടെ സഹായം ഞങ്ങൾക്കാവശ്യമാണ്.

### നിങ്ങൾക്ക് ഞങ്ങളെ സഹായിക്കാമോ?

1. നിങ്ങൾ വചനം കേൾക്കപ്പെടണമെന്നതിനെക്കുറിച്ച് തീഷ്ണതയുള്ളവരാണോ.?
2. നിങ്ങൾ ഭാരതം മുഴുവനും ദൈവവചനം ഉപയോഗിക്കപ്പെടുന്നത് കാണാൻ ആഗ്രിക്കുന്നയാളാണോ?.
3. നിങ്ങൾ ബൈബിൾ സൊസൈറ്റിക്കും, സൊസൈറ്റിയുടെ ദൗത്യങ്ങളുടെ വിജയത്തിനും വേണ്ടി പ്രാർത്ഥിക്കുന്നയാളാണോ?

   എങ്കിൽ നിങ്ങൾ ബൈബിൾ സൊസൈറ്റിയിൽ അംഗമായിചേരുക. ബൈബിൾ സൊസൈറ്റിയുടെ ലക്ഷ്യങ്ങളെ നിങ്ങൾ പരിഗണിക്കുന്നുവെങ്കിൽ, സൊസൈറ്റിയെ സഹായിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ അത് താഴെ പറയുന്നപ്രകാരമാവുന്നതാണ്.



നിങ്ങളുടെ പ്രാർത്ഥന വഴി. നിങ്ങളുടെ സംഭാവന വഴി.

ബൈബിൾ പദ്ധതികളിലൊന്നിനെ സഹായിച്ചുകൊണ്ട് .

നിങ്ങളുടെ മറ്റേതെങ്കിലും വിധത്തിലുള്ള സാമ്പത്തിക സഹായം വഴി.

നിങ്ങളുടെ സമയത്തിലല്ല, സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്കായി ചിലവഴിച്ചുകൊണ്ട്

നിങ്ങൾ സൊസൈറ്റിയിൽ അംഗത്വമെടുത്തുകൊണ്ട്

കേരളകാത്തലിക് ബൈബിൾ സൊസൈറ്റി കേരളസഭയുടെ ദൈവവചന പ്രഘോഷണ പദ്ധതികൾക്ക് നിങ്ങളിൽ നിന്ന് പ്രാർത്ഥനയും ത്യാഗവും സാമ്പത്തികസഹായവും പ്രതീക്ഷിക്കുന്നു. ഇന്ത്യയുടെ സുവിശേഷവത്കരണ പദ്ധതികൾക്ക് തുടർസഹായങ്ങൾ നൽകാനും ആഗ്രഹിക്കുന്നു.

### നിങ്ങൾ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കാമോ?

സഭയുടെ സുവിശേഷവത്ക്കരണ പദ്ധതികൾക്കായി ദിവസവും പ്രാർത്ഥിക്കുക. ബൈബിൾ സൊസൈറ്റിയുടെ ലക്ഷ്യങ്ങൾ നേടിയെടുക്കാനായി പ്രാർത്ഥിക്കുക. ബൈബിൾ വിതരണത്തിലുണ്ടാകുന്ന വർദ്ധനവിനു വേണ്ടി ദൈവത്തെ മഹത്വപ്പെടുത്തുക.

ബൈബിൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടുപോകുന്നതിനും അതിനാവശ്യമായ ഫണ്ട് സ്വരൂപിക്കുന്നതിനും വിവിധങ്ങളായ രീതിയിൽ ബൈബിൾ പ്രവർത്തനങ്ങളെ സഹായിച്ചുകൊണ്ടിരിക്കുന്ന എല്ലാവരെയും പ്രതി നന്ദി പറയുക.

ബൈബിൾ പ്രവർത്തനങ്ങളിൽ മുഴുകുന്നതിനു ധാരാളം അവസരങ്ങൾക്കായി യാചിക്കുക. ദൈവവചനം കൂടുതൽ സ്ഥലങ്ങളിൽ പ്രചരിപ്പിക്കുവാനുള്ള ആഗ്രഹം ക്രിസ്ത്യാനികളുടെ ഇടയിൽ ഉണ്ടാകുവാനായി പ്രാർത്ഥിക്കുക. നിങ്ങളുടെ ത്യാഗങ്ങൾ സമർപ്പിക്കുക. നിങ്ങളുടെ വേദനകൾ, ദുരിതങ്ങൾ, ആകാംക്ഷകൾ, രോഗങ്ങൾ, ദാരിദ്ര്യങ്ങൾ എല്ലാം ലോകരക്ഷയ്ക്കുവേണ്ടി ക്രിസ്തുവിന്റെ പീഡാസഹനങ്ങളോടു ചേർത്ത് സമർപ്പിക്കുക. വചനശുശ്രൂഷയിലേർപ്പെട്ടിരിക്കുന്നവർക്ക് അത് ശക്തിയും കൃപയും നൽകും.

### എങ്ങനെ നിങ്ങൾക്ക് സഹായിക്കാം?

താഴെക്കാണുന്ന വിവിധ സ്കീമുകളിലൊന്ന് തിരഞ്ഞെടുക്കുക.

### 1. സൊസൈറ്റിയിൽ അംഗത്വമെടുക്കുക.

വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും സംഘടനകളുടെയും കുടുംബകൂട്ടായ്മകളുടെയും കുടുംബയോഗങ്ങളുടെയും ഫൗണ്ടേഷനുകളുടെയും സന്മനസ്സിലാണു സൊസൈറ്റിയുടെ നിലനില്പ്തന്നെ.

സൊസൈറ്റിയിൽ അംഗമായി ചേരുക.

## 2. ദശാംശസഹായം

ബൈബിൾ സൊസൈറ്റിയിലേക്ക് നിങ്ങളുടെ സഹായം ക്രമമായി നൽകുക/അയയ്ക്കുക. ഒരു വർഷത്തേയ്ക്കോ മൂന്നു വർഷത്തേയ്ക്കോ ഒരോ മാസവും 25, 50, 100 രൂപ വീതം നൽകുമെന്നു പ്രതിജ്ഞയെടുക്കുക. അത് നിങ്ങളുടെ ദശാംശത്തിൽ നിന്നാകട്ടെ. നിങ്ങൾ നൽകുന്ന ഓരോ ബൈബിളും മറ്റൊരാളുടെ ഹൃദയത്തെയും ജീവിതത്തെയും പരിവർത്തനം വരുത്തുവാൻ ഉപകരിക്കുന്നു.

## 3. പ്രതിമാസ ബൈബിൾ ക്ലബ്

ഒരു കുട്ടിയ്ക്കു വായിക്കുവാൻ ഒരു പുസ്തകം മാത്രമെയുള്ളൂവെങ്കിൽ അത് ബൈബിളായിരിക്കട്ടെ. ഒരിക്കൽ സൊസൈറ്റി ഓഫീസിൽ ഒരു എഴുത്ത് കിട്ടി "ഈ പാവത്തിന് സത്യത്തെക്കുറിച്ച് അറിയുന്നതിനു വേണ്ടി സമ്പൂർണ്ണ ബൈബിളിന്റെ ഒരു മലയാള കോപ്പി അയച്ചുതരുവാൻ സാധിക്കുമോ? ഈ ചോദ്യത്തിന് ആരു മറുപടി നൽകും. വചനത്തിനുവേണ്ടി ദാഹിക്കുന്ന ഇതുപോലൊരാളുടെ കൈയ്യിലേക്ക് ഒരു ബൈബിൾവച്ചുകൊടുക്കുന്നതിന് നിങ്ങൾക്ക് സൊസൈറ്റിയെ സഹായിക്കാൻ കഴിയും.

250 രൂപയ്ക്ക് മൂന്നുപേരുടെ കൈകളിൽ ബൈബിളെത്തിക്കുന്നു. ഓരോ മാസവും 250 രൂപ തന്ന് മൂന്നു പേർക്ക് ബൈബിൾ കൊടുക്കുന്നതിന് നിങ്ങൾക്ക് സൊസൈറ്റിയെ സഹായിക്കാനാവും. ധാരാളമാളുകൾ ഒരു ബൈബിൾ സ്വന്തമാക്കുവാനും വായിക്കുവാനും തീവ്രമായി ആഗ്രഹിക്കുന്നു. അവരുടെ പ്രാർത്ഥന ഒരു യാഥാർത്ഥ്യമാക്കുവാനായി നിങ്ങൾക്ക് ഇപ്പോൾ സൊസൈറ്റിയെ സഹായിക്കാനാവും. നിരാശയുടെയും വേദനയുടെയും ചിതറിയ്ക്കപ്പെട്ട സ്വപ്നങ്ങളുടെയും ലോകത്തിൽ ബൈബിൾ പ്രതീക്ഷയും ശാന്തിയും ദൈവം വിശ്വസ്തനാണെന്ന ഉറപ്പും നൽകുന്നു. സഹനത്തിന്റെ ലോകത്ത് സദ്വാർത്തയുടെ സന്ദേശവാഹകനാവുക എന്തൊരു നന്മയാണ്. ഒരു പ്രതിജ്ഞയെടുക്കു. "ഇന്നുതന്നെ ഞാൻ പ്രതിമാസ ബൈബിൾ ക്ലബ്ബിലെ അംഗമാകും."

## 4. സ്നേഹസമ്മാനങ്ങൾ

നിങ്ങളുടെ പ്രിയപ്പെട്ടവരുടെ ആരുടെയെങ്കിലും ജീവിതത്തിലെ അവിസ്മരണീയമായ ഒരു സംഭവത്തിന്റെ ഓർമ്മയ്ക്കായി (ജനനം, മാമ്മോദീസ, വിവാഹം, തിരുപ്പട്ടം, ജൂബിലി) മരിച്ചയാളുടെ സ്മരണയ്ക്കായോ അവരുടെ പേരിൽ അംഗത്വമെടുക്കുകയോ സംഭാവന നൽകുകയോ ചെയ്യുക. നിങ്ങളുടെ സംഭാവനയുടെ സന്തോഷവാർത്ത നിങ്ങൾ അറിയിക്കാൻ ആഗ്രഹിക്കുന്ന വ്യക്തിയെ ഞങ്ങളും അറിയിക്കുന്നതാണ്.

**റവ. ഫാ. സൈറസ് വേലംപറമ്പിൽ**

സെക്രട്ടറി, കേരള കാത്തലിക്ക് ബൈബിൾ സൊസൈറ്റി

## ബൈബിൾ സൊസൈറ്റിക്ക് രൂപതാകേന്ദ്രങ്ങൾ

രൂപതകളിൽ ബൈബിൾ സൊസൈറ്റി മെമ്പർഷിപ്പ് എടുത്തിട്ടുള്ളവർക്ക് അവരവരുടെ രൂപതകളിൽ നിന്നുതന്നെ തങ്ങൾക്ക് അർഹതപ്പെട്ട സൗജന്യ നിരക്കിലുള്ള (80 രൂപയുടെ ബൈബിൾ 10 രൂപ കുറച്ച് 70 രൂപയ്ക്ക് മെമ്പർഷിപ്പ് ഫീസിന് ആനുപാതികമായി) ബൈബിൾ എടുക്കുന്നതിന് അവസരം ഒരുക്കുന്നു. താഴെപ്പറയുന്ന സെന്ററുകളുമായി ആ രൂപതകളിലുള്ളവർ ബന്ധപ്പെട്ടാൽ ബൈബിൾ ലഭിക്കുന്നതാണ്. രൂപതാസെന്ററുകളുടെ പേരുകളില്ലാത്ത രൂപതകളിൽപ്പെട്ട മെമ്പേഴ്സിന് പി.ഒ.സി.യിൽ നിന്നും പ്രസ്തുത ബൈബിൾ ലഭിക്കുന്നതാണ്.

**Alappuzha Diocese**

Rev. Fr. Bony Sebastine,
St. Antony's Orphanage
Factory ward,
Alappuzha - 688001
Rev. Fr. Pretheesh,
IMS Dhyanabhavan,
Punnapra,
Alappuzha - 688004

**Kanjirappilly**

Rev. Fr. Sebastine Ullattil,
Director, Bible
Apostolate,
Pastoral Centre,
Kanjirappilly - 686507

**Kottappuram**

Rev. Fr. Joy Srampickal,
Director, Bible Aposlate
Vikas, Kottapuram - 680667

**Kollam**

Rev. Fr. Xavier L. Director,
Bible Apostolate
Catechetical Centre,
Fathima Road,
Kollam - 691013

**Kothamangalam**

Rev. Fr. Mathew Kochupurackal,
Bishop's House Kothamangalam,
Ernakulam Dt.
Pin - 686691

**Kottayam**

Rev. Fr. Mathew Manakkatt, Director Bible
Apostolate, Chaithanya Pastoral Centre,
Thellakam P.O., P.B. 71, Kottayam-686001

**Manathavady**

Rev. Fr. Gervasis Mattam, Director,
Catechism Pastoral Centre, Dwaraka,
P.B.No.42, Manathavady, Wayanad Dt.
Pin - 670645



**Neyyattinkara**

Rev. Fr. Joy R. Antony, Director Bible
Apostolate, Bishop's House,
Nelyattinkara - 695121

**Palakkad**

Rev. Fr. Raju pulikathazhe,
Pastoral Centre
Palakkad - 6

**Thalassery**

Rev. Fr. Jose Poovanikunnel,
Sandeshabhavan, Thalassery,
Pin-670101

**Thrissur**

Rev. Fr. Job Padayattil, Director,
Bible Apostolate, Thrissur - 680005

**Thiruvalla**

Rev. Fr. Antony Kanakkanatt,
Director Bible Apostolate,
Santhinilayam, Pastoral Centre,
Thiruvalla, Pin - 689101

**Thiruvanathapuram(Latin)**

Rev. Fr. Bosco Joseph, Bishop's
House, P.B. 805, Vellayambalam
Thiruvanathapuram - 695003

**Varapuzha**

Rev. Fr. Johnson D' cunja,
Director Bible Apostolate,
Ashirbhavan, Kochi - 682 018

### നന്ദി... ആശംസകൾ...

ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർ സ്ഥാനത്തുനിന്നു മാറിയ ഫാ. ബിജു മലഞ്ചെരുവിലും (ബത്തേരി രൂപത) ഫാ. ജോൺ ആളൂർക്കും (പാലക്കാട്ട് രൂപത), ഉപരി പഠനത്തിനായി പോയിരിക്കുന്ന ഫാ. ജോൺസൺ കുണ്ടുകുളത്തിനും (തൃശ്ശൂർ രൂപത) അവർ സഭയ്ക്ക് നൽകിയ ബൈബിൾ അധിഷ്ഠിത പ്രവർത്തനങ്ങൾക്ക് നന്ദിയുടെ നറുമലരുകൾ. ഒപ്പം ഈ വർഷം പുതുതായി ചാർജെടുത്ത ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർമാരായ എൽദോ കരിക്കൊമ്പിൽ അച്ചനും റോബി കൂൻന്താനിയിൽ അച്ചനും ജോബ് പടയാട്ടിൽ അച്ചനും (ബത്തേരി, പാലക്കാട്, തൃശൂർ രൂപതകൾ) പ്രാർത്ഥനാ നിർഭരമായ ആശംസകൾ. നിങ്ങളുടെ പ്രവർത്തനങ്ങൾക്ക് എല്ലാ വിജയാശംസകളും നേരുന്നു.

# കെ.സി.ബി.സി. ബൈബിൾ കമ്മിഷൻ

## കേരള കാത്തലിക് ബൈബിൾ സൊസൈറ്റി പ്രോഗ്രാമുകൾ

| | |
|---|---|
| 6 ഒക്ടോബർ 2002 | – ലോഗോസ് ക്വിസ് 2002 രൂപതാതലപരീക്ഷ |
| 30 ഒക്ടോബർ 2002 | – ബുധൻ സായാഹ്നബൈബിൾ കോഴ്സിന്റെ ആദ്യബാച്ചിന്റെ സമാപനവും ഡിപ്ലോമ വിതരണവും |
| 13 നവംബർ 2002 | – ബുധൻ സായാഹ്ന ബൈബിൾകോഴ്സിന്റെ രണ്ടാമത്തെ ബാച്ച് ആരംഭം |
| 20 നവംബർ 2002 | – ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർമാരുടെ സമ്മേളനം |
| 20 നവംബർ 2002 | – എക്സിക്യൂട്ടീവ് മാനേജിംഗ് കൗൺസിൽ സമ്മേളനം |
| 24 നവംബർ 2002 | – ലോഗോസ് ക്വിസ് 2002 സംസ്ഥാനതലമത്സരം |
| 30 നവംബർ 2002 | – സാഹിത്യരചനാമത്സരങ്ങൾക്കുള്ള കൃതികൾ സമർപ്പിക്കേണ്ട അവസാന ദിവസം |
| 28,29 ഡിസംബർ 2002 | – അഖിലകേരള ബൈബിൾ കലോത്സവം |
| 11ജനുവരി 2003 | – 9.30 **am** ഏകദിന ബൈബിൾസെമിനാർ |
| | 3.30 **pm** ലോഗോസ് ക്വിസ്, അഖില കേരള ബൈബിൾ കലോത്സവവിജയികൾ, സാഹിത്യരചനാമത്സര വിജയികൾ എന്നിവർക്ക് സമ്മാനവിതരണം |
| 4–8 ഫെബ്രുവരി | – ബൈബിൾ ആനിമേറ്റേഴ്സ് കോഴ്സ് |
| 12 മാർച്ച് | – ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർമാരുടെ സമ്മേളനം |
| 2 ഏപ്രിൽ 2003 | – ബുധൻ സായാഹ്ന ബൈബിൾ കോഴ്സിന്റെ ഡിപ്ലോമ വിതരണം |
| 5 മെയ് മുതൽ10 വരെ | – ബൈബിൾ വാരം |
| 11 മെയ് 2003 | – ബൈബിൾ ഞായർ |



# കേരള കാത്തലിക് ബൈബിൾ സൊസൈറ്റിക്ക്

## പ്രമോട്ടർമാരെ ആവശ്യമുണ്ട്

കേരളകാത്തലിക് ബൈബിൾ സൊസൈറ്റിയുടെ ലക്ഷ്യങ്ങൾക്കായി പ്രവർത്തിക്കുന്നതിനും മെമ്പർഷിപ്പ് പ്രചരിപ്പിക്കുന്നതിനുമായി പ്രമോട്ടർമാരെ നിയമിക്കുന്നതിന് നിശ്ചയിച്ചിരിക്കുന്നു. അവർക്കുള്ള വ്യവസ്ഥകളും ഉത്തരവാദിത്വങ്ങളും ആനുകൂല്യങ്ങളും അപേക്ഷാഫോറവും താഴെ ചേർക്കുന്നു. യോഗ്യരും തല്പരരുമായവർ ഒരു ചർച്ചയ്ക്കായി സൊസൈറ്റി സെക്രട്ടറിയുടെ പേരിലോ രൂപതാ അപ്പോസ്തലേറ്റ് ഡയറക്ടർമാരുടെ വിലാസത്തിലോ എഴുതുകയോ നേരിട്ടു സമീപിക്കുകയോ ചെയ്യുക. സൊസൈറ്റി സെക്രട്ടറിയുടെ വിലാസം Secretary, Kerala Catholic Bible Society, POC,Palarivattom,PBNo. 2251, Kerala,India - 682025

### വ്യവസ്ഥകൾ

1. കത്തോലിക്കാ വിശ്വാസത്തിൽ ജീവിക്കുകയും ബൈബിൾ സന്ദേശം പ്രചരിപ്പിക്കാൻ താല്പര്യമുള്ള സേവന മനസ്ഥിതിയോടുകൂടിയവർ ആയിരിക്കുകയും വേണം.
2. മിനിമം പി. ഡി. സി.യെങ്കിലും വിദ്യാഭ്യാസമുണ്ടായിരിക്കണം. സൊസൈറ്റിയിൽ മെമ്പർഷിപ്പ് എടുത്തവരായിരിക്കണം.
3. ഒരു രൂപതയിൽ പല പ്രമോട്ടേഴ്സ് (maximum 10 പേർ) ആകാം. അവരെല്ലാം തുല്യ അവകാശങ്ങളും ചുമതലകളും ഉള്ളവരായിരിക്കും.
4. ബൈബിൾ സൊസൈറ്റി പ്രമോട്ടറാകാൻ ആഗ്രഹിക്കുന്നവർ ഇടവക വികാരിയുടേയോ അപ്പോസ്തലേറ്റ് ഡയറക്ടറുടേയോ സാക്ഷിപ്പോടുകൂടിയ , സൊസൈറ്റിയിൽ നിന്നു ലഭി ക്കുന്ന Application Form പൂരിപ്പിച്ച് മൂന്ന് ഫോട്ടോകളോടുകൂടി തരേണ്ടതും കേന്ദ്ര എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിക്കുമ്പോൾ മാത്രം പ്രമോട്ടർ ആകുന്നതുമാണ്. പ്രൊമോട്ടർ appointment letter ഉം ഫോട്ടോ പതിച്ച Identity Card ഉം കേന്ദ്ര ഓഫീസിൽ നിന്നും കൈപ്പറ്റേണ്ടതുമാണ്.
5. പ്രമോട്ടറിന്റെ നിയമനകാലാവധി എപ്പോഴും ഒരു വർഷമായിരിക്കും. ഒരു വർഷം കഴിയുമ്പോൾ എക്സിക്യൂട്ടിവ് കമ്മിറ്റിയുടെ അനുവാദത്തോടെ പുതുക്കി നിശ്ചയിക്കുന്നതാണ്. ഒരു വർഷത്തിൽ ചുരുങ്ങിയത് 5000 രൂപയുടെ മെമ്പർഷിപ്പ് പ്രമോഷനെങ്കിലും ഒരു പ്രമോട്ടർ നടത്തിയിരിക്കേണ്ടതാണ്.

## ഉത്തരവാദിത്തങ്ങൾ

1. പ്രൊമോട്ടേഴ്സിന്റെ പ്രധാന ജോലി ബൈബിൾ സൊസൈറ്റിയുടെ ലക്ഷ്യങ്ങൾ നിവർത്തിയാക്കിക്കൊണ്ട് ബൈബിൾ സന്ദേശം പ്രചരിപ്പിക്കുക, സൊസൈറ്റിയുടെ ലക്ഷ്യങ്ങൾക്കായി പ്രവർത്തിക്കുക എന്നിവയാണ്.

2. സൊസൈറ്റിയിലേക്ക് വിവിധ തരത്തിലുള്ള മെമ്പർഷിപ്പുകൾ പ്രമോട്ടുചെയ്യുക

3. മെമ്പർഷിപ്പ് ഫീസ് പ്രമോട്ടർക്ക് പണമായി വാങ്ങിക്കുന്നതിന് തത്വത്തിൽ അനുവാദമില്ല. സ്വന്തം ഉത്തരവാദിത്വത്തിൽ വാങ്ങുന്നതിൽ തടസമുണ്ടായിരിക്കുകയില്ല. അപ്രകാരമുള്ള ഇടപാടുകൾക്ക് സൊസൈറ്റിക്ക് ഉത്തരവാദിത്വമുണ്ടായിരിക്കുകയില്ല. എന്നാൽ പണമോ, ചെക്കോ, ഡി.ഡിയോ വാങ്ങിച്ചാൽ Acknowledge Receipt അപ്പോൾ തന്നെ നൽകേണ്ടതാണ്. സൊസൈറ്റി മെമ്പർഷിപ്പിനുള്ള Application Form, പൂരിപ്പിച്ച് വാങ്ങേണ്ടതുമാണ്.

4. Application Form, തുക, TemporaryReceipt ന്റെകാർബൺ കോപ്പി എന്നിവ ഒരു മാസത്തിനകം കേന്ദ്രഓഫീസിൽ എത്തിക്കേണ്ടതാണ്.

5. മേൽപ്പറഞ്ഞ മൂന്നും പി.ഒ.സിയിലുള്ള Central Office ൽ എത്തിക്കഴിയുമ്പോൾ അവിടെ നിന്നും യഥാർത്ഥ Official Receipt,Membership Card എന്നിവ issue ചെയ്യുന്നതാണ്.

6. മൂന്നു മാസത്തിലൊരിക്കൽ പ്രമോട്ടർമാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തലിന് വിധേയമായിരിക്കും.

## ആനുകൂല്യങ്ങൾ

1. കാലാകാലങ്ങളിൽ സൊസൈറ്റി പ്രമോട്ടർമാർക്കായി പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങൾക്ക് അവർക്ക് അർഹതയുണ്ടായിരിക്കും.

2. മെമ്പർഷിപ്പ് പ്രമോഷന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുന്ന രൂപതകൾക്കോ വ്യക്തികൾക്കോ അവർ collect ചെയ്യുന്ന തുകയുടെ ശതമാനം അനുസരിച്ച് incentive, (പ്രോത്സാഹന പ്രതിഫലം) ആയി നൽകുന്നതാണ്.

3. അടുത്ത ഒരു വർഷത്തേക്ക് പ്രമോട്ടർമാർക്കായുള്ള Incentive രൂപത ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടറുടെ യുക്തമനുസരിച്ച് നൽകുന്നതിനായി, താത്പര്യമുള്ള ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർമാരെ ഏൽപ്പിക്കുന്നതാണ്.



## അവാർഡുകൾ

കേരള കാത്തലിക്ക് ബൈബിൾ സൊസൈറ്റി ഈ വർഷം താഴെപ്പറയുന്ന അവാർഡുകൾ ഏർപ്പെടുത്തിയിരിക്കുന്നു.

1. Bishop Mar Joseph Pallikaparambil Award

പള്ളികളേയും സ്ഥാപനങ്ങളേയും വ്യക്തികളേയും സൊസൈറ്റിയിൽ അംഗങ്ങളാക്കി ഏറ്റവും കൂടുതൽ മെമ്പർഷിപ്പ് ഫീസ് സൊസൈറ്റിക്ക് കണ്ടെത്തുന്ന രൂപതയ്ക്ക് എല്ലാവർഷവും 10000 (പതിനായിരം) രൂപയുടെ ക്യാഷ് അവാർഡും എവർറോളിംഗ് ട്രോഫിയും ഏർപ്പെടുത്തിയിരിക്കുന്നു. ഈ നടപ്പു സാമ്പത്തിക വർഷം (1 ഏപ്രിൽ 2002 – 31 മാർച്ച് 2003) കണക്കിലെടുത്ത്കൊണ്ട് 2003 മുതൽ എല്ലാ വർഷവും ഈ അവാർഡ് സൊസൈറ്റിയുടെ വാർഷിക പൊതുയോഗത്തിൽ വച്ച് നൽകും. ഈ ഉദ്ദേശ്യത്തോടെ പാലാ രൂപതാ ബിഷപ്പ് മാർ ജോസഫ് പള്ളിയ്ക്കാപ്പറമ്പിൽ സൊസൈറ്റിക്ക് സംഭാവന ചെയ്ത 150000/ (ഒരു ലക്ഷത്തി അമ്പതിനായിരം) രൂപയുടെ പലിശ കൊണ്ട് പ്രസ്തുത അവാർഡ് എല്ലാ വർഷവും നൽകുന്നതാണ്. ഈ അവാർഡ് അറിയപ്പെടുക Bishop Mar Joseph Pallikaparambil Award എന്നായിരിക്കും. ഇത്രയും തുക സൊസൈറ്റിയുടെ നന്മയ്ക്കായി സംഭാവന ചെയ്ത അഭിവന്ദ്യ പിതാവിന് സൊസൈറ്റിയുടെ പേരിൽ ഹൃദയംഗമമായ നന്ദി.

1. Bishop Mar George Punnakkottil Award

കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റേയും കേരള കാത്തലിക്ക് ബൈബിൾ സൊസൈറ്റിയുടേയും ചെയർമാനായ മാർ ജോർജ്ജ് പുന്നക്കോട്ടിൽ കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കപ്പെടുന്ന ബൈബിൾ കലോത്സവത്തിൽ വിജയികളാകുന്നവർക്ക് എല്ലാ വർഷവും സമ്മാനം നൽകുന്നതിനായി 25000(ഇരുപത്തയ്യായിരം) രൂപ ബൈബിൾ സൊസൈറ്റിക്ക് സമ്മാനിച്ചു. ഈ തുകയുടെ പലിശകൊണ്ട് അടുത്ത വർഷം മുതൽ വിജയികൾക്ക് അവാർഡുകൾ സമ്മാനിക്കുന്നതാണ്. ഈ അവാർഡ് അറിയപ്പെടുക Bishop Mar George Punnakkottil Award എന്നായിരിക്കും.

**ലോഗോസ് ക്വിസ് – 2002 ൽ പങ്കെടുത്ത രൂപതകളും, രൂപതയിൽ നേതൃത്വം നൽകിയ ഡയറക്ടറുടെ പേരും, രൂപതാടിസ്ഥാനത്തിൽ പങ്കെടുത്തവരുടെ എണ്ണവും**

| രൂപത | ഡയറക്ടറുടെ പേര് | മലയാളം | ഇംഗ്ളീഷ് | എണ്ണം |
|---|---|---|---|---|
| 1 Alappuzha | Fr. Vijay Issac | 3595 | 5 | 3600 |
| 2 Bathery | Fr. Eldo Karikombill | 1074 | 4 | 1078 |
| 3 Changanassery | Fr. Mathew Kalam | 8877 | 24 | 8901 |
| 4 Ernakulam | Fr. Jose Puthiyedath | 34750 | 366 | 35116 |
| 5 Irinjalikuda | Fr. Pauly Kannookadan | 23934 | 200 | 24134 |
| 6 Kanjirappilly | Fr. Sebastine Ullattil | 3352 | 6 | 3358 |
| 7 Kannur | Fr. Joseph Kottukappilly | 3998 | 15 | 4013 |
| 8 Kollam | Fr. Xavier L | 6832 | 200 | 7032 |
| 9 Kothamangalam | Fr. Stanley Kunnel | 15930 | 4 | 15934 |
| 10 Kottappuram | Fr. Joy Srampickal | 7386 | 17 | 7403 |
| 11 Kottayam | Fr. Mathew Manakkatt | 7257 | 16 | 7273 |
| 12 Kozhikode | Fr. Geo Payyappilly | 1933 | 61 | 1994 |
| 13 Neyyattinkara | Fr. Joy R.Antony | 4687 | Nil | 4687 |
| 14 Pala | Fr. Thomas Naganoolil | 16310 | 15 | 16325 |
| 15 Palakkad | Fr. Roby Koonthaniyil | 4454 | 655 | 5109 |
| 16 Punalur | Msgr. Martin P.Fernadez | 700 | Nil | 700 |
| 17 Thalassery | Fr. Jose Poovanikunnel | 15559 | 7 | 15566 |
| 18 Thamarassery | Fr. Joseph Kappil | 6482 | 5 | 6487 |
| 19 Thrissur | Fr. Job Padayattil | 22045 | 55 | 22100 |
| 20 Thiruvananthapuram | Fr. K.Valuparampil | 3130 | 1 | 3131 |
| 21 Thiruvananthapuram | Fr. Nicholas | 2789 | 34 | 2823 |
| 22 Varapuzha | Fr. Johnson D'cunja | 3740 | 60 | 3800 |
| 23 Vijayapuram | Fr. Theophine | 2210 | 5 | 2215 |
| 24 Kalayan | Fr. Justin Kallely | 1167 | 1268 | 2435 |
| Total | | 202191 | 3023 | 205214 |



## അഭിനന്ദനങ്ങൾ

കൂടുതൽ പേരെ പങ്കെടുപ്പിച്ച് ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിച്ച രൂപതകളും ഇടവകകളും താഴെ പറയുന്നവയാണ്.

### രൂപതകൾ

ഒന്നാം സമ്മാനം എറണാകുളം അതിരൂപത 35116 പേർ
രണ്ടാം സമ്മാനം ഇരിങ്ങാലക്കുട രൂപത 24134 പേർ
മൂന്നാം സമ്മാനം തൃശൂർ അതിരൂപത 22100 പേർ

### ഇടവകകൾ

| | |
|---|---|
| ഒന്നാംസമ്മാനം സെന്റ്മേരീസ് ഫൊറോനചർച്ച് ചാലക്കുടി (ഇരിങ്ങാലക്കുട) | 3374 പേർ |
| രണ്ടാം സമ്മാനം സെന്റ്മേരീസ് ബസലിക്ക (എറണാകുളം അതിരൂപത) | 2509 പേർ |
| മൂന്നാം സമ്മാനം സെന്റ്തോമസ് കത്തീഡ്രൽ (ഇരിങ്ങാലക്കുട രൂപത) | 2121 പേർ |

## ലോഗോസ് ക്വിസ് 2003

ലോഗോസ് ക്വിസ് 2003 ലേക്ക് എല്ലാവർക്കും സ്വാഗതം

പഠനഭാഗം : വി. മാർക്കോസിന്റെ സുവിശേഷവും ഹെബ്രായർക്കെഴുതിയ ലേഖനവും

രൂപതാതലപരീക്ഷാ തിയതി : 2003 ഒക്ടോബർ 5, 2p.m മുതൽ 3.30p.m വരെ

സംസ്ഥാനതലപരീക്ഷാ തിയതി : 2003 നവംബർ 23

**രജിസ്ട്രേഷൻ:** 2003 ജൂൺ 1 മുതൽ 2003 ജൂലൈ 31 വരെ

പങ്കെടുക്കുന്നവരെ നാലു പ്രായവിഭാഗങ്ങളിലായി തിരിക്കുന്നു.

**A** വിഭാഗം 1–1–1992 നു ശേഷം ജനിച്ചവർ

**B** വിഭാഗം 1–1–1987 നും 31–12– 1991 നും ഇടയ്ക്ക് ജനിച്ചവർ

**C** വിഭാഗം 1–1–1972 നും 31–12– 1986 നും ഇടയ്ക്ക് ജനിച്ചവർ

**D** വിഭാഗം 31–12–1971ന് മുമ്പ് ജനിച്ചവർ

സംസ്ഥാനതലത്തിലും രൂപതാതലത്തിലും ഇടവകതലത്തിലും ആകർഷകമായ സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും.

# ലോഗോസ് ക്വിസ് – 2002 ന്റെ ഒക്ടോബർ 6 ലെ പരീക്ഷയുടെ ഉത്തരങ്ങൾ

1. **ഇ** ഗബ്രിയേൽ (1:19)

2. **ഉ** യോഹന്നാൻ(1:15)

3. **ഇ** സഖറിയ ദേവാലയത്തിൽ വൈകുന്നതിനെപ്പറ്റി (1:21)

4. **അ** അവൻ വലിയവനായിരിക്കും (1:32)

5. **അ** തളർവാത രോഗിയെ സുഖപ്പെടുത്തുന്നു. (5:17- 26)

6. **ഉ** സക്കേവൂസ് (19;6)

7. **ആ** പത്ത് നാണയങ്ങളുടെ ഉപമ (19:11 – 27)

8. **ആ** എലിസബത്ത് (1:60)

9. **ആ** പ്രലോഭനങ്ങളിൽ വീണു പോകുന്നു(8:13)

10. **ഇ** രക്തസ്രാവക്കാരി (8;48) പാപിനി (7:50)

11. **ഉ** മനുഷ്യപുത്രൻ മനുഷ്യരുടെ കൈകളിൽ ഏൽപ്പിക്കപ്പെടാൻ പോകുന്നു. (19:44)

12. **ഇ** കടിഞ്ഞൂൽ പുത്രന്മാർ (2:23)

13. **ഉ** യോഹന്നാനെ കാരാഗൃഹത്തിൽ അടച്ചപ്പോൾ (3:20)

14. **ആ** കല്ല് അപ്പമാക്കുക, പിശാചിനെ ആരാധിക്കുക, ഗോപുരാഗ്രത്തിൽ നിന്ന് ചാടുക (4:3 – 12)

15. **അ** പിശാചു ബാധിതൻ (4:35)

16. **ആ** ഞാൻ പാപിയാണ് (5:9)

17. **അ** നിങ്ങളിൽ ഏറ്റവും ചെറിയവൻ ആരോ അവനാണ് ഏറ്റവും വലിയവൻ (9:48)

18. **ഇ** നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചുകയറും (2:35)

19. **ഇ** ദേവാലയത്തിൽ കണ്ടെത്തുന്നത് (2:46)
    ദൗത്യം പൂർത്തിയാക്കുന്നത്. (13:32)

20. **ഉ** പത്രോസ് യേശുവിനോട് (12:41)

21. **ഉ** 20:27

22. **അ** പ്രതികാരത്തിന്റെ ദിനം (21;22)

23. **ഉ** ഇക്കാര്യം ആരോടും പറയരുത്, പുരോഹിതനു കാണിച്ചു കൊടുക്കുക, ശുദ്ധീകരണക്കാഴ്ചകൾ സമർപ്പിക്കുക (5:14)

24. **അ** ശിമയോൻ (22:31)

25. **ഇ** ഏശയ്യാ (53:12)

26. **ആ** ഉന്നതത്തിൽ നിന്ന് ശക്തി ധരിക്കുംവരെ (24:49)

27. **ഇ** അന്ധനെ സുഖപ്പെടുത്തിയത് (18;36 – 43)

28. **അ** ദൈവരാജ്യം നിങ്ങളുടെ ഇടയിൽത്തന്നെയുണ്ട് (17:21)

29. **അ** പാപമോചനം (3;3)

30. **ആ** യേശുവിന്റെ അധികാരം സ്വർഗ്ഗത്തിൽ നിന്ന്

31. **ഉ** പീലാത്തോസും – ഹേറോദോസും (23;14 – 15)

32. **ഉ** സമാധാനത്തിന്റെ പുത്രനിൽ (10;6)

33. **ഇ** പശ്ചാത്തപിക്കുമായിരുന്നു. (10:13)

34. **ആ** അശുദ്ധാത്മാവ് തിരിച്ചുവന്നവന്റെ (11:24 – 26)

35. **ഇ** ദൈവത്തിന്റെ നീതിയും സ്നേഹവും (11:42)

36. **അ** ഒരുക്കിവച്ചിരിക്കുന്നവ (12:20)

37. **ഉ** കുരുവികൾ (12:6)

38. **ഉ** കാലത്തെ വ്യഖ്യാനിക്കാൻ (12:56)

39. **ഉ** സാബത്തിൽ നന്മ ചെയ്യുന്നത് അനുവദനീയമാണ് (14;5)

40. **ഇ** കാണാതായ നാണയം, കാണാതായ ആട്, ധൂർത്തപുത്രൻ

41. **ആ** ആകാശവും ഭൂമിയും അപ്രത്യക്ഷമാകുന്നതാണ് (16:17)

42. **ഉ** പന്നികൾക്ക് കൊടുത്തിരുന്ന തവിടുകൊണ്ട് വയറു നിറയ്ക്കേണ്ടി വന്നു (15:16)

43. **ആ** രക്ഷ (18;27)

44. **ഉ** കൂനുള്ള സ്ത്രീ (13;16) സക്കേവൂസ് (19:9)

45. **അ** ദൈവദൂതന്മാർക്ക് (20:36)

46. **ആ** ഏലിയായെ സറെപ്തായിലെ വിധവ സ്വീകരിച്ചു(4:26)

47. **ഇ** കഴുകി ശുദ്ധി വരുത്താത്തതിനെപ്പറ്റി (11:38)

48. **ഇ** ശിഷ്യത്വത്തിന്റെ വില (14;28)

49. **ഉ** ശിഷ്യഗണം (19:37)

50. **ആ** ശിമയോനും അരിമത്തിയാക്കാരൻ ജോസഫും (23:51)

51. **ആ** 1പത്രോ (2:13 – 17)

52. **ഇ** ഒരു പുരോഹിത ജനമാകുന്നു (1 പത്രോ 2:5)

53. **ഇ** നന്മ ചെയ്തിട്ട് (1 പത്രോ 2:20)

54. **ആ** ബാലാമിന്റെ (2 പത്രോ 2:15)

55. **ഉ** സഹനം (1 പത്രോ 2:21)

56. **ഉ** ആട്ടിടയന്മാർ, ജനക്കൂട്ടം, മറിയം (2:15 – 20)

57. **ഉ** തേരാഹ് (3:34)

58. **അ** ശത്രുക്കളെ സ്നേഹിക്കുവിൻ (6:27)

59. **ഉ** കേസറിയ ഫിലിപ്പിയിൽ വച്ച് വിശ്വാസ പ്രഖ്യാപനം നടത്തി

60. **ഇ** പത്രോസിന്റെ ഗുരു നിഷേധവും പടയാളികൾ യേശുവിനെ പരിഹസിക്കുന്നതും

61. **ആ** മൂന്നാം പ്രാവശ്യം (22:60)

62. **ഇ** പട്ടണത്തിന്റെ നാശം പ്രവചിച്ചു (19:41 – 44)

63. **ആ** ദൈവം അവരുടെ കണ്ണുകൾ മൂടി

64. **ആ** ജോസഫ് ദാവീദിന്റെ കുടുംബത്തിൽപ്പെട്ടവനായതിനാൽ (2:4)

65. **അ** ദൈവ വചനത്തിൽ നിന്ന് (1 പത്രോ 1:23)

66. **ഉ** പൗലോസ് (2 പത്രോ 3:15)

67. **ആ** നിഷ്കളങ്ക മനസ്സിനെ (2 പത്രോ 3:1)

68. **അ** മഹിമാ പ്രാഭവം

69. **ഉ** ദൈവദൂതന്മാർ, ജല പ്രളയം, സോദോ – ഗോമോറ

70. **ഉ** സങ്കീർത്തനം (2 പത്രോ 3:8)

71. **ഇ** മരുഭൂമിയിൽ (1:80)

72. **ഇ** യേശു തന്റെ വീട്ടിൽ പ്രവേശിക്കാനും യേശുവിനെ നേരിട്ട് സമീപിയ്ക്കാനും (7:7)

73. **ഉ** കപട നാട്യക്കാരൻ (6:42)

74. **അ** പാപിനിയുടെ പേര് ലൂക്കാ നൽകുന്നില്ല (7:37)

75. **അ** ദൈവനീതി (7:29)

76. **അ** 19:38

77. **ഇ** എന്റെ വീടു നിറയുവോളം (14:23)



78. **ഉ** മനുഷ്യപുത്രന്റെ മുമ്പിൽ പ്രത്യക്ഷപ്പെടാൻ വേണ്ട കരുത്തു ലഭിയ്ക്കാൻ (21:36)

79. **ഇ** കടമ നിർവ്വഹിച്ചതേയുള്ളൂ (17:10)

80. **ആ** വിശ്വാസം (1 പത്രോ 1:7)

81. **ഇ** ഉത്തമനായ കാര്യസ്ഥനെന്ന നിലയിൽ (1 പത്രോ 4;10)

82. **ആ** വിനയമുള്ളവർക്ക് (1 പത്രോ 5:5)

83. **ഉ** നീതിമാൻമാരുടെ, അവരുടെ പ്രാർത്ഥനകളുടെ (1 പത്രോ 3:12)

84. **ആ** പരിശുദ്ധാത്മാവ് (2;26)

85. **അ** സമതലത്തിൽ (6;17 – 19)

86. **അ** ജനങ്ങളെ ഭയപ്പെട്ടത് (20:19; 22:2)

87. **ഇ** സ്വർഗ്ഗാരോഹണ സമയത്ത് (24;50)

88. **അ** ക്രിസ്തുവിന്റെ ആത്മാവ് (1 പത്രോ 1:11)

89. **ഉ** ഈ മനുഷ്യൻ തീർച്ചയായും നീതിമാനായിരുന്നു (23:47)

90. **ഉ** ക്രിസ്ത്യാനി (1 പത്രോ 4:16)

91. **ആ** പരിശുദ്ധാത്മാവിനാൽ പ്രചോദിതരായവർ സംസാരിച്ചവയാകയാൽ (2 പത്രോ 1:21)

92. ഇ പ്രത്യാഗമനത്തിന് കാലവിളംബം വരുത്തുന്നു (2 പത്രോ 3;8:9)

93. **ആ** 72 പേരെ തിരഞ്ഞെടുക്കുന്നു (10;1 – 2)

94. **ആ** പരിചയക്കാരും സ്ത്രീകളും

95. **ഇ** ദരിദ്രർക്ക് സൗഭാഗ്യവും സമ്പന്നർക്ക് ദുരിതവും ലഭിക്കും

96. **ഉ** എന്നോടു കൂടിയല്ലാത്തവൻ നിങ്ങൾക്ക് എതിരാണ് (11:23)

97. **ആ** നിങ്ങൾക്ക് നന്മ ചെയ്യുന്നവർക്ക് നിങ്ങൾ നന്മ ചെയ്യുന്നതിൽ എന്തു മേന്മയാണുള്ളത് (6:33)

98. **ഇ** പീഠാനുഭവ ഉത്ഥാന പ്രവചനം (9:21 – 27)

99. **അ** സകല ശക്തികളുടേയും മീതെ (10:19)

100. **ഉ** കർത്താവ് സത്യമായും ഉയിർത്തെഴുന്നേറ്റു (24:34)

# ഇടവകയ്ക്ക് ഉണർവ്വ് നൽകി



വി. ലൂക്കായുടെ സുവിശേഷത്തിലൂടെയും, വി. പത്രോസിന്റെ ലേഖനത്തിലൂടെയും യേശു ആരാണെന്നും അവിടുത്തെ മനുഷ്യാവതാരം, പരസ്യജീവിതം എന്നിവയിലൂടെ ഒരു അസുലഭ അവസരമാണ് Logos Quiz 2002 മാത്സര്യബോധത്തോടുകൂടിയ ഒരു പഠനം ഞങ്ങളുടെ ഈ മഹാഇടവകയിൽ രൂപപ്പെടുത്താൻ ബഹു. കൊച്ചച്ചന്മാരായ എലുവത്തിങ്കൽ വിത്സനച്ചനും, പാറേക്കാട്ട് ജെയ്സനച്ചനും, ബഹു. സിസ്റ്റേഴ്സും, യൂണിറ്റ് ഭാരവാഹികളും അശ്രാന്തം പരിശ്രമിയ്ക്കയായിരുന്നു. 49 കുടുംബയൂണിറ്റുകളിൽ നിന്നും 3374 പേരാണ് ഈ വചനമത്സരത്തിൽ ആത്മാർത്ഥമായ അംഗത്വം സ്വീകരിച്ചത്.

ഒരു മരിയൻ തീർത്ഥാടനകേന്ദ്രമായ ഈ ദേവാലയത്തിൽ അനുദിനമുള്ള ബലികളിൽ ധാരാളം വിശ്വാസികൾ പങ്കെടുക്കുകയും, വചനം ശ്രവിക്കുകയും അതിന്റെ വ്യാഖ്യാനം ഉൾകൊണ്ട്, വി. കുർബാന ഉൾക്കൊള്ളാനും താല്പര്യം കാണിക്കുന്നു. "ദൈവവചനം രുചിച്ചറിയുംതോറും അത് തേൻപോലെ മധുരമുള്ളതായി അനുഭവപ്പെടും." (എസക്കിയേൽ 3–3) വചനം മനുഷ്യനെ ദൈവോന്മുഖരായി ജീവിക്കാനും, മനുഷ്യജീവിതത്തിന്റെ നാനാതുറകളിലുള്ള അവന്റെ പ്രയത്നങ്ങൾക്ക് അർത്ഥം കണ്ടെത്താനും അതുവഴി ദൈവവചനത്തിന് വിധേയരായി നല്ല മക്കളായി തീരാനും സഹായിക്കുന്നു. ഇപ്രകാരമുള്ള വചനാധിഷ്ഠിതബോധവത്കരണത്തിലൂടെ ഇടവക ജനത്തെ ഈ രംഗത്തേക്ക് ആകർഷിക്കാൻ സാധിച്ചു. ഇതിനെല്ലാം സർവ്വേശ്വരൻ നല്കിയ ഒരു വലിയ അനുഗ്രഹമാണ് സംസ്ഥാനലെവലിൽ ഏറ്റവും കൂടുതൽ പേരെ പങ്കെടുപ്പിച്ച് വിജയം നേടാൻ അർഹരാക്കിയത്. ഇങ്ങനെ ഒരവസരം ഉണ്ടാക്കിത്തന്ന K.C.B.C Bible Commission നോടും Kerala Catholic Bible Society യോടും ഞങ്ങൾ കടപ്പെട്ടവരാണ്.

ഇപ്രകാരമുള്ള വചനാധിഷ്ഠിതബോധവത്കരണത്തിലൂടെ ഇടവക ജനത്തെ ഈ രംഗത്തേക്ക് ആകർഷിക്കാൻ സാധിച്ചു. ഇതിനെല്ലാം സർവ്വേശ്വരൻ നല്കിയ ഒരു വലിയ അനുഗ്രഹമാണ് സംസ്ഥാന ലെവലിൽ ഏറ്റവും കൂടുതൽ പേരെ പങ്കെടുപ്പിച്ച് വിജയം നേടാൻ അർഹരാക്കിയത്.

നന്ദി

**ഫാ. തോമസ് പഞ്ഞിക്കാരൻ**



# പെരിഞ്ചേരി ഇടവകയിൽ ബൈബിൾ അപ്പോസ്തലെറ്റ് ഉദ്ഘാടനം ചെയ്തു

പെരിഞ്ചേരി തിരുഹൃദയ ദേവാലയത്തിലെ തിരുഹൃദയ പ്രതിഷ്ഠയുടെ ഒരു വർഷം നീണ്ടുനിൽക്കുന്ന ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി വിവിധ കർമ്മപരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായി ക്രിസ്തുകേന്ദ്രീകൃതമായ ഒരു ജീവതത്തിന് ബൈബിൾ അധിഷ്ഠിതമായ മാർഗ്ഗദർശനം നൽകുന്നതിനും ബൈബിൾ സംബന്ധമായ ഗ്രന്ഥങ്ങളും ലഘുരേഖകളും വിതരണം ചെയ്യുന്നതിനും ലക്ഷ്യമിട്ട് പെരിഞ്ചേരി ഇടവകയിൽ ബൈബിൾ അപ്പോസ്തലേറ്റ് രൂപീകരിച്ചു. ക്രിസ്തു ജയന്തി ഹാളിൽ സംഘടിപ്പിച്ച ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിന്റെ കോൺടാക്റ്റ് ക്ലാസിൽ കേരള കാത്തലിക്ക് ബൈബിൾ സൊസൈറ്റി സെക്രട്ടറി റവ. ഫാ. സൈറസ് വേലംപറമ്പിൽ പെരിഞ്ചേരി ഇടവകയിലെ ബൈബിൾ അപ്പോസ്തലേറ്റ് ഉദ്ഘാടനം ചെയ്തു. ബൈബിൾ പ്രവർത്തനങ്ങൾക്ക് മാത്രമായി ഒരു ഇടവകയിൽ ബൈബിൾ അപ്പോസ്തലേറ്റ് ആരംഭിക്കുന്നത് ആദ്യ സംരഭമാണെന്ന് ഉദ്ഘാടന പ്രസംഗത്തിൽ ഫാ. സൈറസ് പ്രസ്താവിച്ചു.

ശദാബ്ദി വർഷത്തിൽ, ഏതാനും മാസങ്ങൾക്കു മുമ്പ് തൃശൂർ അതിരൂപത സി. എൽ. സി. സംഘടിപ്പിച്ച ബൈബിൾ ഗ്രാമത്തിന് ആദിത്യമരുളാൻ പെരിഞ്ചേരി ഇടവകയ്ക്ക് അവസരം ലഭിച്ചത് ഇങ്ങനെ ഒരു ബൈബിൾ അപ്പോസ്തലേറ്റ് രൂപീകരണത്തിന്റെ മുന്നോടിയായി കാണുന്നുവെന്ന് സ്വാഗത പ്രസംഗത്തിൽ വികാരി ഫാ. ഡേവിസ് ചിറമ്മൽ പറഞ്ഞു. ബൈബിൾ അപ്പോസ്തലേറ്റ് ഭാരവാഹികളായി താഴെ പറയുന്നവരെ തിരഞ്ഞെടുത്തു.

| | | |
|---|---|---|
| പ്രസിഡണ്ട് | – | പി. പി. ആന്റണി |
| വൈസ് പ്രസിഡണ്ട് | – | ലീല മാത്യു |
| സെക്രട്ടറി | – | സി. എ. പൗലോസ് |
| ജോ. സെക്രട്ടറി | – | റാണി ജോസഫ് |
| ട്രഷറർ | – | പോൾസൺ കെ. പി. |
| കമ്മിറ്റി അംഗങ്ങൾ | – | കെ. എ. റപ്പായി, അൽഫോൺസ ഫ്രാൻസിസ്, ടി. എൽ. ജോസ്, പൗളിൻ പോൾ, ടി. എൽ. ഗ്രീസൺ, സെലീന ജോസഫ്. |

141 പേർ കോൺടാക്റ്റ് ക്ലാസ്സിൽ പങ്കെടുത്തു. എന്താണ് ബൈബിൾ? ബൈബിൾ വ്യാഖ്യാനം എന്നിവയെക്കിറിച്ച് ഫാ. സൈറസ് വിശദീകരിച്ചു. ക്ലാസ്സിൽ പങ്കെടുത്തവർക്ക് ബൈബിൾ ഭാഗങ്ങളെക്കുറിച്ചുള്ള സംശയങ്ങൾക്കും ഫാ. സൈറസ് വിശദീകരണം നൽകി. വികാരി ഫാ. ഡേവിസ് ചിറമ്മൽ നന്ദി പറഞ്ഞു.

**ആന്റണി** (പ്രസിഡണ്ട്)

# ബൈബിൾ കലണ്ടർ – 2003

കേരള കാത്തലിക്ക് ബൈബിൾ സൊസൈറ്റി കഴിഞ്ഞ വർഷം പ്രസിദ്ധീകരിച്ച Daily Bible Reading Calendar ന് നല്ല സ്വീകരണമാണ് ലഭിച്ചത്. ആ നല്ല പ്രതികരണം കണക്കിലെടുത്ത് 2003 ലും ബൈബിൾ കലണ്ടർ പ്രസിദ്ധീകരിക്കുന്നു. മൾട്ടികളർ ചിത്രങ്ങളോടുകൂടിയ 6 പേജുകളുള്ള ഈ ബൈബിൾ കലണ്ടറിനെക്കുറിച്ച്

1. ദേവാലയങ്ങളിലും സമൂഹങ്ങളിലും കുടുംബങ്ങളിലും വ്യക്തിജീവിതത്തിലും അനുദിന ബൈബിൾ വായനയ്ക്ക് ഒരു ഉത്തമ സഹായിയാണ് Daily Bible Reading Calendar- 2003.
2. ഈ കലണ്ടറിൽ ദിവസത്തിന്റെ കോളത്തിൽ അനുദിന കുർബ്ബാനയുടെ വായനകൾ കൊടുത്തിട്ടുണ്ട്. സീറോ മലബാർ റീത്തിലും, മലങ്കര റീത്തിലും, ലത്തീൻ റീത്തിലുമുള്ള കലണ്ടറുകൾ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ഓരോ മാസവും ഈശോയുടെ ജീവിതത്തിലെ ഒരു സംഭവമോ ഒരു വിശുദ്ധനെക്കുറിച്ചുള്ള വിവരണമോ ഉണ്ട്.
3. ആറു പേജുകളിലായി 12 മാസങ്ങളുള്ള ഈ ബഹുവർണ്ണ ചിത്രകലണ്ടർ സ്ഥാപനങ്ങൾക്ക്, വീടിന് 2003 ൽ ഒരലങ്കാരം.
4. താഴെ പറയുന്ന നന്മകൾ ആർജ്ജിക്കുവാൻ ഈ ബൈബിൾ കലണ്ടർ നിങ്ങളെ സഹായിക്കുന്നു.
5. എല്ലാ ദിവസവും പള്ളിയിലും വീട്ടിലും വ്യക്തിപരമായും വായിക്കുന്നതിന് ദിവ്യബലി മധ്യേവായിക്കുന്ന ബൈബിൾ ഭാഗങ്ങൾ ചൂണ്ടിക്കാണിക്കുന്നു. എല്ലാ ദിവസവും ബൈബിളിന് പ്രഥമസ്ഥാനം നൽകുന്നതിലൂടെ നിങ്ങൾക്ക് ആത്മീയ ഉണർവ്വ് ലഭിക്കുന്നു.
6. സൺഡേ സ്ക്കൂൾ കുട്ടികൾക്കും വീടുകളിലും കുടുംബ കൂട്ടായ്മകളിലും ബൈബിൾ വായിക്കുന്നതിന് ഈ കലണ്ടർ ഉപകരിക്കും. കോപ്പികൾ വാങ്ങി ഈ സംരംഭത്തെ പ്രോത്സാഹിപ്പിക്കണമെന്നും സുവിശേഷ പ്രഘോഷണ ദൗത്യത്തിൽ ബൈബിൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങളോട് സഹകരിക്കണമെന്നും അപേക്ഷിക്കുന്നു.
7. കോപ്പിയൊന്നിന് 7 രൂപ. പോസ്റ്റിൽ അയയ്ക്കുന്നത് 25 ൽ കൂടുതൽ കോപ്പികൾ ഉള്ളവർക്ക് മാത്രം. ഓരോ 25 എണ്ണത്തിന്റേയും പായ്ക്കറ്റിന് 50 രൂപ വീതം പോസ്റ്റേജ് കൂടി അയയ്ക്കേണ്ടതാണ്. പള്ളികൾക്കും സ്ഥാപനങ്ങൾക്കും സംഘടനകൾക്കും കോപ്പികൾ എടുത്ത് വിതരണം ചെയ്യാവുന്നതാണ്. നിങ്ങൾ ആവശ്യപ്പെടുന്ന കലണ്ടർ ഏതു റീത്തിലേതെന്നുകൂടി എഴുതുമല്ലോ.

കോപ്പികൾക്ക് : സെക്രട്ടറി, കേരള കാത്തലിക്ക് ബൈബിൾ സൊസൈറ്റി, പി.ഒ.സി. പാലാരിവട്ടം, കൊച്ചി,കേരള – 682025.

# മലയാള ബൈബിൾ ഗ്രന്ഥകാരന്മാരുടെ പുസ്തകങ്ങൾ സൊസൈറ്റിയുടെ വെബ് സെറ്റിൽ

പ്രചാരണരംഗത്ത് ആധുനികസാങ്കേതികവിദ്യകൾ സ്വാധീനം ചെലുത്തുന്ന ഇക്കാലഘട്ടത്തിൽ കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയ്ക്ക് ഒരു വെബ് സെറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കത്തോലിക്കാ മലയാളഗ്രന്ഥകർത്താക്കളുടെ ബൈബിൾ സംബന്ധമായ പുസ്തകങ്ങളെ ഈ വെബ് സെറ്റിൽ പരസ്യപ്പെടുത്തുന്നതിന് സൊസൈറ്റി അവസരമൊരുക്കുന്നു. താൽപര്യമുള്ള ഗ്രന്ഥകർത്താക്കൾ അവരുടെ പുസ്തകങ്ങളെ സംബന്ധിച്ച് വിവരങ്ങളും അഞ്ച് വാക്യങ്ങളിൽ കുറയാത്ത ഒരു റിവ്യൂസഹിതവും അപേക്ഷിക്കുക. അതോടൊപ്പം അതിന്റെ തന്നെ 500 രൂപ വിലവരുന്ന പുസ്തകങ്ങളോ അല്ലെങ്കിൽ 500 രൂപയോ സമർപ്പിക്കേണ്ടതാണ്. കാലാവധി മൂന്നു വർഷം. പുതുക്കിനിശ്ചയിക്കുന്നതിനുള്ള അവസരമുണ്ടായിരിക്കും. സൊസൈറ്റി എക്സിക്യൂട്ടീവ് കമ്മറ്റിയുടെ തീരുമാനത്തിനു വിധേയമായിട്ടായിരിക്കും പുസ്തകങ്ങൾ വെബ് സെറ്റിൽ ഉൾപ്പെടുത്തുക.

KERALA CATHOLIC BIBLE SOCIETY
Bulletin November 2002
Vol. 14 No. 1

# സുവിശേഷപ്രചാരണ പ്രഘോഷണദൗത്യം

മൂന്നാം സഹസ്രാബ്ദത്തിലേക്ക് കടന്നിരിക്കുന്ന നാം വളരെയധികം സന്തോഷത്തോടെയും പ്രതീക്ഷയോടെയുമാണ് ഭാവിയെ ഉറ്റുനോക്കുന്നത്. ലോകത്തോട് സുവിശേഷം പ്രസംഗിക്കുന്നതിന് ദൈവത്തിന്റെ മഹനീയ പദ്ധതിയിൽ നൂതനമായ ധാരാളം സാധ്യതകൾ നമ്മുടെ മുമ്പിൽ തുറന്നു കിടപ്പുണ്ട്. ദൈവരാജ്യത്തെക്കുറിച്ചുള്ള ജീവന്റെ വചനത്തിന് സാക്ഷികളാവുന്നതിനും വിശ്വസ്തതയോടെ അത് മറ്റുള്ളവരുമായി പങ്കുവക്കുന്നതിനും നാം തയ്യാറാകണം. വചനം ഓരോ നിമിഷവും ജനമദ്ധ്യത്തിൽ അവതരിക്കുന്നതിന് നാം സാഹചര്യമൊരുക്കണം. അതുവഴി ഓരോ തലമുറയ്ക്കും ഈ വചനം അവരവരുടേതായ സാഹചര്യങ്ങളിൽ കേൾക്കുന്നതിനും ക്രിസ്തുവിനെ രക്ഷകനായി കണ്ടെത്തുന്നതിനും വഴിതെളിയുകയാണ്.

എല്ലാ സഭാകൂട്ടായ്മകളിലും കുടുംബങ്ങളിലും ജോലിസ്ഥലത്തും, പരസ്യവേദികളിലും പ്രഘോഷിച്ചുകൊണ്ട് ഓരോ ക്രിസ്തുശിഷ്യനും ഈ ദൗത്യത്തിൽ പങ്കുകാരാകണം. ഈ കടമ നിർവഹിക്കുന്നതിന് ഓരോ ശിഷ്യനും വിശ്വാസത്തിൽ പക്വതയെത്തിയവനും പങ്കുവയ്ക്കുന്നതിന് സജ്ജമാക്കപ്പെട്ടവനും തല്പരനുമാകണം സ്ത്രീപുരുഷൻമാർ വിശ്വസിക്കുന്ന ജനമെന്ന നിലയിൽ സഭയുടെ ജീവിതത്തിലും ദൗത്യനിർവ്വഹണത്തിലും തങ്ങളുടേതായ സംഭാവനകൾ അർപ്പിക്കുകയാണ്. സഭയുടെ സുവിശേഷപ്രചാരണപ്രഘോഷണ ദൗത്യത്തിൽ എല്ലാവരേയും പങ്കുകാരാക്കുകയെന്ന ലക്ഷ്യത്തോടെ കേരള കത്തോലിക്കാ ബിഷപ്സ് കൗൺസിൽ രൂപം കൊടുത്ത കർമ്മവേദിയായ കേരള കാത്തലിക് ബൈബിൾ സൊസൈറ്റി നൂതനങ്ങളായ പല പദ്ധതികളും ആവിഷ്ക്കരിച്ചുവരുന്നു. എല്ലാവരുടേയും സഹകരണം പ്രതീക്ഷിയ്ക്കുന്നു. സമാഗതമാകുന്ന ക്രിസ്മസ്സിന്റെയും നവവത്സരത്തിന്റെയും മംഗളങ്ങൾ സൊസൈറ്റി അംഗങ്ങൾ എല്ലാവർക്കും നേരുന്നു.

**ഫാ. സൈറസ് വേലംപറമ്പിൽ**

സെക്രട്ടറി, കേരള കാത്തലിക്ക് ബൈബിൾ സൊസൈറ്റി.

***For Private Circulation only***
KERALA CATHOLIC BIBLE SOCIETY
**PASTORAL ORIENTATION CENTRE, P.B.No.2251, Palarivattom**
**Cochin, Kerala, India - 682025. Ph/Fax :0484.805897, Email : kcbs@satyam.net.in**

## ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിന് ഒരു സാക്ഷ്യം

കേരളത്തിലെ സ്ക്കൂൾ വിദ്യാഭ്യാസം, സിലബസ്സിൽ മാറ്റം വരുത്തി മുൻ സർക്കാർ പരിഷ്കരിച്ചിരുന്നു. ഈ മാറ്റം മുതിർന്ന ക്ലാസ്സുകളിലേക്കും നടപ്പിലാക്കുക എന്നതായിരുന്നു അവരുടെ നയം. പരിഷ്കരിച്ച സിലബസിൽ 7-ാം ക്ലാസ്സിൽ പഠിച്ചിരുന്ന ഞങ്ങളുടെ മകൾക്ക് മുതിർന്ന ക്ലാസുകളിൽ ഈ സിലബസിൽ പഠിക്കാൻ താത്പര്യമില്ലായിരുന്നു. സാമ്പത്തിക പ്രയാസത്തിനിടയിലും മകളുടെ ആഗ്രഹപ്രകാരം C.B.S.E. സിലബസിൽ കഴിഞ്ഞ അദ്ധ്യയനവർഷത്തിൽ 8-ാം ക്ലാസ്സിലേക്ക് മാറ്റി ചേർത്തു. കേരള സിലബസ്സിൽ ആയിരുന്നപ്പോൾ ക്ലാസ്സിൽ ആറാം സ്ഥാനം വരെ ലഭിച്ചിരുന്ന മകൾക്ക് , C.B.S.E.യിൽ പഠനനിലവാരം എങ്ങനെ ആയിരിക്കുമെന്ന ആശങ്ക ഞങ്ങൾക്ക് ഉണ്ടായിരുന്നു. എന്നാൽ പ്രാർത്ഥനയോടെ പഠനത്തിൽ ശ്രദ്ധിച്ചു, പരിശ്രമിച്ചപ്പോൾ ക്ലാസ്സിൽ അഞ്ചാം സ്ഥാനത്തിനകത്ത് എത്താൻ കഴിഞ്ഞു.

ഈ വർഷം 9-ാം ക്ലാസ്സിൽ ആയപ്പോൾ എറണാകുളം പി.ഒ.സി. യിൽ നടത്തുന്ന ബൈബിൾ കമ്മീഷന്റെ ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിൽ മകളുടെ പേരുകൂടി അവളുടെ അറിവോ സമ്മതമോ വാങ്ങാതെ ഞാൻ രജിസ്റ്റർ ചെയ്തു. വി. മാർക്കോസിന്റെ സുവിശേഷം പഠനവിഷയമായി ലഭിച്ചപ്പോൾ ആണ് മകൾ വിവരം അറിയുന്നത് . ഇത് പഠിച്ച് ഉത്തരം എഴുതി സമർപ്പിക്കുന്നതിന് സമയ പരിധി ഉണ്ടായിരുന്നു. ഇതിനാൽ സ്ക്കൂൾ വിഷയ പഠനവും ,ബൈബിൾ പഠനവും നിശ്ചിത സമയത്തിൽ എങ്ങനെ സാധിക്കുമെന്ന ആശങ്ക മകളിൽ ബാക്കിയായി. എപ്പോഴും ആകുലനായി മകളുടെ പഠനത്തിൽ ശ്രദ്ധചെലുത്തിയിരുന്ന ഞാൻ, സ്ക്കൂൾ വിഷയ പഠനത്തിൽ നിന്നും സമയം കണ്ടെത്തി ബൈബിൾ പഠിക്കുവാൻ ഉപദേശിച്ചു. എന്റെ സമീപനത്തിൽ വന്ന മാറ്റം അദ്ധ്യാപികയായ ഭാര്യയേയും അതിശയിപ്പിച്ചു. സ്ക്കൂളിലെ സ്ഥാനം താഴുമെന്ന ഭയത്തെ ഞങ്ങൾ കാര്യമായി പരിഗണിക്കുന്നതായി കാണിച്ചില്ല. മറിച്ചു ദൈവത്തിൽ സമർപ്പിച്ചു പഠിച്ചാൽ പരിശുദ്ധാത്മാകൃപയാൽ കാര്യങ്ങൾ പെട്ടെന്ന് മനസ്സിലാക്കാം എന്ന സത്യവും ,പരിശുദ്ധ അമ്മയുടെ മദ്ധ്യസ്ഥം സഹായകരമായിരിക്കുമെന്ന ഉപദേശവും നൽകി. സ്ക്കൂളിലെ ഓണപ്പരീക്ഷയും, വിശുദ്ധ ബൈബിളിന്റെ (ഒന്നാം പുസ്തകത്തിന്റെ) പരീക്ഷയും എഴുതിയതിൽ ഓണപ്പരീക്ഷയുടെ റിസൾട്ട് വന്നു. സ്ക്കൂൾ പഠനസമയം ,ബൈബിൾ പഠനത്തിനായി ഉപയോഗിച്ചിട്ടും, എന്നേയും ഭാര്യയേയും സന്തോഷിപ്പിച്ചുകൊണ്ട് , ക്ലാസ്സിൽ ഒന്നാം സ്ഥാനക്കാരിയാകാനുള്ള കൃപ ദൈവം ഞങ്ങളുടെ മകൾക്ക് കനിഞ്ഞു നൽകി.

ട്യൂഷനും വീടുകളിൽ കമ്പ്യൂട്ടറും ഒക്കെയുള്ള സമ്പന്നരായ കുട്ടികളുടെ വാശിയേറിയ മത്സരത്തിനിടയിൽ ഞങ്ങളുടെ മകൾക്ക് കിട്ടിയ ഈ സ്ഥാനം ദൈവകൃപ അല്ലാതെ മറ്റെന്ത് ? വിശുദ്ധ ബൈബിൾ പഠിക്കുവാനുപയോഗിച്ച സമയം നഷ്ടത്തിന്റേതാകാതെ CLASS FIRST എന്ന ബാഡ്ജ് ആയി മാറിയ അനുഭവം ഞങ്ങൾക്ക് വെളിച്ചമാകുന്നു. ഞായറാഴ്ചകളിലെ വേദപാഠ ക്ലാസ്സുകൾ പോലും നഷ്ടപ്പെടുത്തി ട്യൂഷന് കുട്ടികളെ അയയ്ക്കുന്ന മാതാപിതാക്കളുമായി ഈ ദൈവിക കൃപ ഞങ്ങൾ പങ്കുവയ്ക്കുന്നു. സഹോദരരെ, ദൈവത്തിന് സമർപ്പിക്കുന്ന സമയം വ്യർത്ഥമോ? വിശുദ്ധ ബൈബിൾ പഠനം ഒരു നഷ്ടമോ?

പ്രാർത്ഥനയോടെ സ്നേഹപൂർവ്വം.

**M.A Baburajan**
Holy Rosary, Kairali Nagar,
Mulamkkadam, Kollam- 12.